# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വൈക്കം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ് എ.കെ.ടി.എം പി17/186/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗര കാര്യ വകുപ്പ്, കൊല്ലം. (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

നമ്പർ: കെ.എസ് എ.കെ.ടി.എം പി17/186/22 തീയ്യതി: 30/03/2022

## കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 57 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ഷൈജു എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-01-2022 | 22-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-01-2022 | 22-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുലത ഡി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിജു കണ്ണേഴത്ത് | ചെയർമാൻ | 01-04-2020 | 11-11-2020 |
| രേണുക രതീഷ് | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| രമ്യ കൃഷ്ണൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആരതി സാധു | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സുനിമോൾ.വൈ.ജെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 14-06-2020 |
| അനീസ്.ഐ | ഹെൽത്ത് ഇൻസ്പെക്ടർ(ഇൻ ചാർജ്ജ്) | 15-06-2020 | 20-08-2020 |
| അജിത്.വി.പി | ഹെൽത്ത് ഇൻസ്പെക്ടർ | 20-08-2020 | 31-03-2021 |
| ഡോ. സ്മിത രജിത് കുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അനിൽ കുമാർ. വി.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ബ്ലസി ജോഷി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| മെയ്സൺ മുരളി | എ.എഫ്.ഓ, കൃഷി ഭവൻ | 01-04-2020 | 31-03-2021 |
| നിർമ്മല പ്രിയദർശനി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| തങ്കമണി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| സിന്ധു വാസുദേവൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 31-10-2020 | 31-03-2021 |
| ഷാജി എ വി | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ, വൈക്കം | 01-04-2020 | 31-03-2021 |
| സിന്ധു വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| മായാ ഗോപാൽ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അനിതാ ബാബു | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Bineeth Rajan (Auditor, On 11-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Yogesh R (Senior Grade Auditor, On 17-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 17-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-4 |
| 5 | വാർഷികപദ്ധതി<br>Written By: Sulatha.D (Audit Officer, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Albin Cyriac (Auditor, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 10-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-10 |
| 11 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ആദായനികുതി ഈടാക്കിയിരിക്കുന്നു.<br>Written By: Bineeth Rajan (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-11 |
| 12 | തെറ്റായ ഉപയോഗക്രമം സൂചിപ്പിച്ച് വസ്തുനികുതി ഈടാക്കുന്നു<br>Written By: Bineeth Rajan (Auditor, On 19-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം -ചട്ടങ്ങൾ പാലിച്ചില്ല<br>Written By: Bineeth Rajan (Auditor, On 19-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-13 |
| 14 | വസ്തുനികുതി -കുടിശ്ശിക<br>Written By: Bineeth Rajan (Auditor, On 18-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-14 |
| 15 | ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി കണക്കാക്കിയില്ല.<br>Written By: Bineeth Rajan (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-15 |
| 16 | വസ്തുനികുതി റിവിഷൻ<br>Written By: Bineeth Rajan (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-16 |
| 17 | തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-17 |

| | | |
|---|---|---|
| 18 | വാടക പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-18 |
| 19 | ശ്രീമൂലം മാർക്കറ്റിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-19 |
| 20 | ഐസ് പ്ലാന്റ് - പ്രവർത്തനം പുനരാരംഭിച്ചില്ല-നഗരസഭയ്ക്ക് വരുമാനനഷ്ടം<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-20 |
| 21 | ക്രിമറ്റോറിയം- നടത്തിപ്പിലും കുടിശ്ശിക ഈടാക്കുന്നതിലും വീഴ്ച<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-21 |
| 22 | കുത്തകലേലം -തുക ഈടാക്കാൻ അവശേഷിക്കുന്നു.<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-22 |
| 23 | ലേലത്തിൽ പോകാതെ കടമുറികൾ/ആസ്തികൾ ഒഴിഞ്ഞുകിടക്കുന്നു<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-23 |
| 24 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-24 |
| 25 | ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിൽ വീഴ്ച<br>Written By: Ratheesh C R (Audit Officer, On 22-01-2022)<br>Last Updated By: Sinimol Francis (Computer Assistant, On 08-03-2022) | 1-25 |
| 26 | വോട്ടർ പട്ടിക പ്രിന്റിങ്ങ് ചാർജ് നൽകൽ - ഒരേ ബില്ലിന് രണ്ടു പ്രാവശ്യം തുക നൽകി<br>Written By: Ratheesh C R (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 1-26 |
| 27 | പ്രോജക്ട് - നമ്പർ 196/21 - രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-27 |
| 28 | നഗരസഭാ ക്രിമറ്റോറിയം - പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-28 |
| 29 | വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡിലെ റീടാറിംഗ് പ്രവൃത്തി - നഗരസഭയ്ക്ക് അധിക സാമ്പത്തികബാധ്യത<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-29 |
| 30 | നഗരസഭാ ഓഫീസിലേക്ക് ജനറേറ്റർ - നാളിതുവരെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും രേഖാമൂലമുള്ള പ്രവർത്തനാനുമതി ലഭിച്ചിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-30 |
| 31 | കരാർവച്ചതിനുശേഷം വ്യക്തമായ കാരണമില്ലാതെ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നു<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-31 |
| 32 | നിയമാനുസൃത സമയപരിധിക്കകം കരാറിലേർപ്പെടാത്തതിന് പിഴ ഈടാക്കിയില്ല<br>Written By: Sulatha.D (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-32 |

| | | |
|---|---|---|
| 33 | കുടിവെള്ളലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ചെലവുതുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-33 |
| 34 | കരാറുകാരന്റെ ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവുചെയ്തില്ല<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-34 |
| 35 | പ്രവൃത്തി നടപ്പാക്കുന്നതിനു മുൻപ് ഇ.എം.ഡി/സെക്യൂരിറ്റി നിക്ഷേപ സർട്ടിഫിക്കറ്റുകൾ കരാറുകാരന് തിരികെ നൽകി-<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 25-03-2022) | 1-35 |
| 36 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ചെലവുമിച്ചം വന്ന 15136/- രൂപ നിർവ്വഹണഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: S Shyju (Senior Deputy Director, On 25-03-2022) | 1-36 |
| 37 | വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-37 |
| 38 | റോഡ് ടാറിംഗ് പ്രവൃത്തികൾ -ബാരൽവില ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച്<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-38 |
| 39 | കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പാർട്ട് ബില്ലിനൊപ്പം റിടെൻഷൻ തുക പിൻവലിക്കുന്നില്ല<br>Written By: Sulatha.D (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-39 |
| 40 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-40 |
| 41 | ആശ്രയ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-41 |
| 42 | റെഗുലർ / കണ്ടിജന്റ് പെൻഷൻ ഫണ്ട്<br>Written By: Sumesh P V (Asst. Audit Officer, On 22-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-42 |
| 43 | സ്വച്ഛ് ഭാരത് മിഷൻ- അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-43 |
| 44 | ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) - അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 23-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-44 |
| 45 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Ratheesh C R (Audit Officer, On 21-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-45 |
| 46 | വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-46 |
| 47 | നഗരസഭയിലെ വാഹനങ്ങളുടെ ഇൻഷുറൻസ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-47 |

| | | |
|---|---|---|
| 48 | പത്രപരസ്യം - അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-48 |
| 49 | വിവിധ നിക്ഷേപ പ്രവൃത്തികൾ/ മുൻകൂർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-49 |
| 50 | പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല<br>Written By: Bineeth Rajan (Auditor, On 19-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-50 |
| 51 | നഗരസഭാ ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Ratheesh C R (Audit Officer, On 24-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 1-51 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Albin Cyriac (Auditor, On 20-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Albin Cyriac (Auditor, On 20-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Albin Cyriac (Auditor, On 20-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Albin Cyriac (Auditor, On 20-01-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 30-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 12-01-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Anju P Natarajan (Computer Assistant, On 25-03-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് നഗരസഭാ കൗൺസിലിന്റെ 20.02.2021തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4459707 | 32632862.27 |
| വരവ് | 318326461 | 202610929 |
| ആകെ | 322786168 | 235243791.27 |
| ചെലവ് | 317034225 | 202189234 |
| നീക്കിയിരിപ്പ് | 5751943 | 33054557.27 |

## 1-2 വാർഷിക ധനകാര്യ പത്രിക

വൈക്കം നഗരസഭയുടെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 239651958 /- രൂപയും ചെലവ് 223653634 /- രൂപയും തൻവർഷ പ്രവർത്തന മിച്ചം 15998324/- രൂപയുമാണ്. 31/03/2021-ലെ നഗരസഭയുടെ ആസ്തിമൂല്യം 180579419.27/- രൂപയും ബാധ്യതകളുടെ മൂല്യം 116155406.35/- രൂപയും ജനറൽ ഫണ്ട്64424012.92 /- രൂപയുമാണ്. 2020-21സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി പി.ഡി. | 500 |
| ട്രഷറി MF(നം.1-665) | 1 |

2.പ്രധാന വരവിനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ഡി & ഒ ലൈസൻസ് എന്നിവയുടെ അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലുള്ള കുടിശ്ശിക തുകകളുടെ കൃത്യത ഉറപ്പാക്കുവാൻസാധിച്ചില്ല .

3.ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 'Other Advances-Municipal Funds' എന്നയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

4.ഓഫീസാവശ്യത്തിനായി നഗരസഭയിലേക്ക് വാങ്ങിയ മോട്ടോർ പമ്പിന്റെ വിലയായ 4856 രൂപ ബാലൻസ് ഷീറ്റിലെ ബി 14 ഷെഡ്യൂളിൽ (Stock In Hand) തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

5.വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി തൻ വർഷം 1605000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക ബി 18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

6.സ.ഉ.(എം.എസ്)നം.152/11/തസ്വഭവ തീയതി 26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.

7.ജീവനക്കാരുടെ തൊഴിൽ നികുതി തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

8.ബി 15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള പരസ്യനികുതിയിനത്തിൽ ലഭ്യമാകുവാനുള്ള 96720 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

9.2020-21 വർഷം ക്രിമറ്റോറിയം കുത്തക ലേലമിനത്തിലുള്ള ഡിമാന്റ് തുക 110250 രൂപയാണ്. എന്നാൽ പ്രസ്തുത തുക ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂളിൽ ഡിമാന്റായി ഉൾപ്പെടുത്തിയിട്ടില്ല.

10. RMSA പദ്ധതിയ്ക്കായി ലഭ്യമായതും ചെലവഴിക്കാത്തതുമായ 14,89,247/- രൂപ B-4 ഷെഡ്യൂളിൽ Welfare Bodies എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക ടി പദ്ധതിയുടെ മാർഗ്ഗരേഖയ്ക്കനുസൃതമായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32632862.27 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 202610929 |
| ആകെ | 235243791.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 202189234 |
| നീക്കിയിരിപ്പ് | 33054557.27 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2353457 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭ ബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 37780246 | 37780246 | 37780246 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7312000 | 7312000 | 5947710 | 1364290 | 81.34 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 355000 | 355000 | 0 | 355000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 22305000 | 22305000 | 21053561 | 1251439 | 94.38 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 6777748 | 6777748 | 6109697 | 668051 | 90.14 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | 0 | 43851719 | 43851719 | 22417949 | 21433770 | 51.12 |

| | | | | | | |
|---|---|---|---|---|---|---|
| അൺടൈഡ് | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 17280000 | 17280000 | 5582070 | 11697930 | 32.3 |
| സ്വച്ഛ് ഭാരത് | 3814480 | 1212069 | 5026549 | 1760737 | 3265812 | |
| എൻ.യു.എൽ.എം | 351116 | 1036626 | 1387742 | 1181937 | 205805 | |
| സാക്ഷരത | 71542 | 2841 | 74383 | 2024 | 72359 | |

1.ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 6) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , സുലേഖ ചെലവ് പത്രിക എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | എ സി ആർ / വാർഷിക കണക്ക് പ്രകാരം | സുലേഖ പ്രകാരം | ജി.ഒ പ്രോജക്ടായി കുറവ് ചെയ്ത തുക |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 30465847 | 37780246 | 7314399 |

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-2ൽ പരാമർശിക്കുന്ന അപാകതൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

### പദ്ധതിരൂപീകരണം - പ്രവർത്തനഘട്ടങ്ങൾ

13-ാം പഞ്ചവത്സരപദ്ധതിയുടെ 4-ാമത്തെ വർഷമായ 20-21ൽ വാർഷികപദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ആസൂത്രണകലണ്ടർപ്രകാരം ആസൂത്രണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവ പുനസംഘടിപ്പിച്ച് അംഗീകരിക്കുകയും കോവിഡ് സാഹചര്യം ഉണ്ടായിരുന്നിട്ടും മാർഗ്ഗരേഖാ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ഗുണഭോക്തൃതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതൊഴികെയുള്ള മറ്റ് നടപടി ഘട്ടങ്ങൾ പാലിച്ചിട്ടുള്ളതായും രേഖകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ പ്രവർത്തന ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 30-12-19 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 6-1-20 |
| വികലാംഗഗ്രാമസഭ,ഊരുകൂട്ടയോഗം | കോവിഡ് സാഹചര്യം മൂലം |

| | |
|---|---|
| | നടത്തിയില്ല |
| വാർഡുസഭായോഗങ്ങൾ | „ |
| വികസനസെമിനാർ | 29-2-20 |

നഗരസഭയുടെ 2020--21 വാർഷികപദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 17-4-20 ലെ 1(1)-ാം നമ്പർ യോഗതീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 18-2-21 ലെ യോഗതീരുമാനപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു.

സ്പിൽ ഓവർ പ്രോജക്ടുകളും പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 384 പ്രോജക്ടുകൾക്കാണ് വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ 229 പ്രോജക്ടുകൾക്കു വേണ്ടി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതിച്ചെലവ് 64.87 %.

വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | തുക ചെലവഴിച്ചവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 1515000 | 3,81223 | 25.16 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 1500000 | 1500000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 425000 | 424852 | 99.96 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 8 | 6 | 2428386 | 1553150 | 63.95 |
| കൃഷി ഓഫീസർ | 12 | 12 | 5652600 | 5269200 | 93.21 |
| സെക്രട്ടറി,നഗരസഭ | 50 | 45 | 24110601 | 17953502 | 74.46 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | 6 | 2 | 39,65000/- | 2709765 | 68.34 |
| വെറ്ററിനറി സർജൻ | 6 | 6 | 9,98,300 | 7,48000 | 74.92 |
| ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 4 | 4 | 21,71,092 | 13,58,592 | 62.57 |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജന സെൽ | 26 | 19 | 27220967 | 13785609 | 50.64 |
| മുനിസിപ്പൽ എൻജിനീയർ | 259 | 195 | 8,30,80,843 | 5,31,36,679 | 63.99 |
| ഐസിഡിഎസ് സൂപ്പർവൈസർ | 3 | 3 | 25,58,700 | 23,32,172 | 91.14 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 670000 | 250000 | 37.31 |
| | 384 | 229 | 15,62,96,489 | 10,14,02,744 | 64.87 |

തൻവർഷം പൊതുവിഭാഗത്തിൽ ലഭ്യമായ വികസനഫണ്ട് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ഇതരവിഭാഗം സർക്കാർ ഗ്രാന്റുകൾ ലഭ്യമായത് പൂർണ്ണമായും ചെലവഴിക്കാനാകാത്തതിനാൽ അനുവദിച്ച്

ലഭിച്ച 3,67,70480 /- രൂപ നഗരസഭയ്ക്ക് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ട് തരം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് (എസ്.സി.പി) | 13,64,290 |
| റ്റി.എസ്.പി | 3,55,000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 2,14,33,770 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1,16,97,930 |
| സംരക്ഷണഗ്രാന്റ്(നോൺ റോഡ്) | 12,51,439 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 6,68,051 |
| ആകെ | 3,67,70480 |

വികസനപദ്ധതികൾക്കായി നഗരസഭയ്ക്ക് ലഭ്യമായ വിവിധ സർക്കാർഗ്രാന്റുതുകയിൽ 3.5 കോടിയിലധികം രൂപ ചെലവഴിക്കപ്പെടാതെ നഷ്ടമായ സാഹചര്യം പരിശോധിക്കേണ്ടതും ഇപ്രകാരമുള്ള ഫണ്ട് നഷ്ടം ഭാവിയിൽ കർശനമായും ഒഴിവാക്കേണ്ടതുമാണ്. ആയതിനുള്ള പരിഹാര നടപടികൾ വരും വാർഷികപദ്ധതികളിൽ സ്വീകരിക്കുന്നതിലേക്കായി നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

<u>സ്പിൽ ഓവർപ്രോജക്ടുകൾ നടപ്പാക്കിയില്ല</u>

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് സ്പിൽ ഓവർപ്രോജക്ടുകൾ അവ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ നടപ്പാക്കേണ്ടതാണ്. എന്നാൽ പ്രളയ ദുരിതാശ്വാസഫണ്ട് വകയിരുത്തി ആവിഷ്കരിച്ചതുൾപ്പെടെ അംഗീകാരം കിട്ടിയ 31 സ്പിൽ ഓവർ പ്രോജക്ടുകൾ 2020-21 വർഷവും നടപ്പാക്കിയില്ല.

<u>മുനിസിപ്പൽ എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ</u>

സ്പിൽ ഓവർ ഉൾപ്പെടെ ആകെ 259 പ്രോജക്ടുകളുടെ നിർവ്വഹണചുമതലയാണ് അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയിരുന്നത്. ആയതിൽ 195 പ്രോജക്ടുകൾക്കുവേണ്ടി മാത്രമേ തൻവർഷം തുക ചെലവഴിച്ചിട്ടുള്ളൂ. നടപ്പാക്കിയ 195 പ്രോജക്ടുകളിൽ 142 എണ്ണവും സ്പിൽ ഓവർപ്രോജക്ടുകളായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. സമയബന്ധിതമായി പദ്ധതിനിർവ്വഹണ നടപടികൾ ആരംഭിക്കാത്തതും ഏറ്റെടുക്കുന്ന പ്രവൃത്തികൾ കരാറുകാർ യഥാസമയം പൂർത്തീകരിക്കാതെ വരുന്നതുമെല്ലാം അതാത് വർഷം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായി വരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള വിഹിതം ലഭ്യമാകാത്തതിനാൽ തൻവർഷത്തെ പദ്ധതികൾക്കു ചെലവഴിക്കേണ്ട വിഹിതത്തിൽ നിന്നും ചെലവ് നടത്തേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഈ രീതി ഓരോ വാർഷികപദ്ധതികളിലും തുടർന്നുപോരുന്നതായിട്ടാണ് കാണുന്നത്. ഏകവർഷപ്രോജക്ടായി അംഗീകാരം ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെടുന്നതും മൂന്നോ നാലോ മാസങ്ങൾ മാത്രം പൂർത്തീകരണം അനുവദിക്കുന്നതുമായ മിക്ക റോഡ്പ്രവൃത്തികളും അടുത്ത വർഷത്തെ പദ്ധതിയിൽപ്പോലും പൂർത്തീകരിക്കാതെ വീണ്ടും സ്പിൽഓവറായി തുടരുന്നതായും കാണുന്നു.

<u>നഗരസഭയുടെ മരാമത്ത് വേലകൾക്ക് മത്സരാധിഷ്ഠിത ടെൻഡറുകൾ ലഭ്യമാകുന്നില്ല</u>

നഗരസഭ 2020-21 വർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് വേലകളുടെ ഭാഗമായി നിയമാനുസൃതം ടെൻഡർ, ഇ-ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും മിക്കവാറും എല്ലാ പ്രവൃത്തികൾക്കും ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തില്ലായെന്നാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. റീടെൻഡർ ചെയ്യുമ്പോഴാകട്ടെ എസ്റ്റിമേറ്റ് നിരക്കും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% കൂടുതലും ക്വോട്ട് ചെയ്യുന്ന രണ്ട് ടെൻഡറുകൾ

മാത്രം ലഭ്യമാകുന്നതായിട്ടും കാണുന്നു. അഞ്ച് ലക്ഷത്തിനുമേൽ പ്രോജക്ട് കോസ്റ്റ് വരുന്ന പ്രവൃത്തികൾക്കുപോലും ഇപ്രകാരം ടെൻഡർ നടപടികൾ മത്സരാധിഷ്ഠിതമല്ലാതെ വരുന്നതിന്റെ കാരണം വ്യക്തമല്ല. മിക്ക പ്രോജക്ടുകൾക്കും റീടെൻഡർ ചെയ്യുന്ന സാഹചര്യത്തിലും ടെൻഡറുകൾ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ്നിരക്കിൽ പ്രവൃത്തിചെയ്യാൻ സന്നദ്ധത അറിയിച്ച് കരാറുകാർ ഓഫർ നൽകുന്നതായും കാണുന്നു. സ്ഥിരമായി രണ്ടോ മൂന്നോ കരാറുകാർ മാത്രം പ്രവൃത്തികൾ ഇത്തരത്തിൽ മാറി മാറി ഏറ്റെടുക്കുന്നതായിട്ടാണ് കാണുന്നത്.

രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

2020-21 വർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ പ്രോജക്ടുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട്, അളവുപുസ്തകം, വർക്ക്ബില്ലുകൾ , പ്രോജക്ട് പ്രോഫോർമ തുടങ്ങിയ അവശ്യം ഉണ്ടായിരിക്കേണ്ട പല രേഖകളും മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. പല ഫയലിലും സൂക്ഷിച്ചിട്ടുള്ള രേഖകളാകട്ടെ നിർവ്വഹണനടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുമില്ല. ടെൻഡർ രജിസ്റ്റർ എഗ്രിമെന്റ് രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്. കരാറുടമ്പടി, സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ രേഖകളിൽ കരാറുകാർ ഒപ്പുവച്ചിട്ടില്ലാത്തതായും കാണുന്നു.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ -മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന് പദ്ധതി മാർഗ്ഗരേഖാ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ വാർഡുസഭകൾ അംഗീകരിച്ച എല്ലാ പദ്ധതികളും വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ലഭിച്ച പദ്ധതിവിഹിതം തുല്യമായി എല്ലാ വാർഡുകളിലും നൽകുന്നതിനും മെയിന്റനൻസ് ഗ്രാന്റും സി.എഫ്.സി ഗ്രാന്റും ഉൾപ്പെടെ ഓരോ വാർഡിലും 8.5 ലക്ഷം രൂപയുടെ വർക്കുകൾ ഏറ്റെടുക്കുന്നതിനും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുത്തുകാണുന്നു.( 27-2-20-ലെ 1, 15 നം തീരുമാനങ്ങൾ) ഒരേ റോഡുകൾ ചെറിയ ചെറിയ റീച്ചുകളാക്കി ഫണ്ട് വാർഡടിസ്ഥാനത്തിൽ വിഭജിക്കുന്നതും ഒരേ കാര്യങ്ങൾക്കായി രണ്ടും അതിലധികവും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമെല്ലാം പ്രോജക്ടുകളുടെ എണ്ണം വർദ്ധിക്കുന്നതിനും കുറഞ്ഞ അടങ്കലിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും കാരണമാകുന്നു. ഇതുമൂലം കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിന് തയ്യാറാകാതെ വരുന്ന സാഹചര്യവുമുണ്ട്. ഇതുമൂലം പ്രോജക്ടുകൾ നടപ്പാകാതെ ഫണ്ട് ലാപ്സാകുന്ന സാഹചര്യവുമുണ്ട്. മാത്രല്ല എൻജിനീയറിംഗ് വിഭാഗത്തിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തത് മൂലം എല്ലാ പ്രോജക്ടുകൾക്കും സ്ഥലപരിശോധനടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നിർവ്വഹണഘട്ടത്തിൽ കൃത്യസമയത്ത് മേൽപരിശോധനകൾ നടത്തുന്നതിനും സാധിക്കാതെ വരുന്നു.

വാർഷികപദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് മേൽസൂചിപ്പിച്ച വിഷയങ്ങൾക്ക് കാരണമായിട്ടുള്ള സാഹചര്യങ്ങൾ പരിശോധിച്ച് ഭാവിയിൽ അവ ഒഴിവാക്കേണ്ടതും അപാകതകൾ പരിഹരിക്കപ്പെടേണ്ടതുമാണ്. ആയതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭാ കൗൺസിൽ എന്നീ അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 726 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 726 പദ്ധതികളിൽ 340 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 74601 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1318 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പച്ചക്കറി കൃഷി സ്ഥലം ഒരുക്കൽ, മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, സംരക്ഷണ ഭിത്തി നിർമ്മാണം, തോട് വൃത്തിയാക്കൽ, വഴിയരികിൽ വൃക്ഷത്തൈ നടീൽ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 6,50,369/- |
| വരവ് | 2020-21 അലോട്ട്മെന്റ് | 1,75,00,000/- | 1,75,28,383/- |
| | ബാങ്ക് പലിശ | 28,383/- | |
| | ആകെ വരവ് | 1,81,78,752/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 1,81,78,752/- |
| ചെലവ് | വേതനം | 1,72,44,563/- | 1,78,57,738/- |
| | സാധന ഘടകം | 1,62,996/- | |
| | ശമ്പളം(ഭരണച്ചെലവ്) | 4,44,000/- | |
| | മറ്റു ചെലവ് | 6,179/- | |
| | ആകെ ചെലവ് | 1,78,57,738/- | |
| നീക്കിയിരിപ്പ് | | | 3,21,014/- |

യൂണിയൻ ബാങ്കിലെ 553702010005561 നം. അക്കൗണ്ടിലൂടെയാണ് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് വിനിമയം നടത്തുന്നത്.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5027100 | 349 |
| വിധവാപെൻഷൻ | 8029700 | 588 |
| വാർദ്ധക്യകാലപെൻഷൻ | 27099500 | 2192 |
| വികലാംഗപെൻഷൻ | 3168900 | 215 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 769600 | 121 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.01.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 50471/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

നഗരസഭയിലെ പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി , ഡി ആന്റ് ഒ ലൈസെൻസ്, വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകൾ ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമമായി നടപടികൾ സ്വീകരിച്ചിട്ടില്ലയെന്ന് വസ്തുനികുതിയിലെയും, വാടകയിലെയുമൊക്കെ കുടിശ്ശികകൾ വ്യക്തമാക്കുന്നു. സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വാടക രജിസ്റ്റർ, വാഹനങ്ങളുടെ ലോഗ് ബുക്ക് തുടങ്ങിയവ മതിയായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പശ്ചാത്തലമേഖലയിലുൾപ്പെടെ വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിലെ കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, മേൽനോട്ടം, പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. ഫയലുകളിൽ പരിശോധനയ്ക്കാവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തുന്നില്ല.

പദ്ധതി നിർവഹണത്തിൽ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F520/09 |
| അക്കൗണ്ടന്റ് ജനറൽ | 19.07.2016 – 05.08.2016 | 2011-12 മുതൽ 2015-16 | LBA(HQ)II/8A-2485/197 Dtd 19.06.2012 |

## 1-11 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ആദായനികുതി ഈടാക്കിയിരിക്കുന്നു.

നഗരസഭയുടെ 2020-21 വാർഷിക ധനകാര്യപത്രികയിൽ നടത്തിയ പരിശോധനയിൽ ബാങ്ക് ചാർജ്ജസ് ശീർഷകത്തിൽ 10333/- രൂപ അക്കൗണ്ട് ചെയ്തതായി കാണുന്നു. ബന്ധപ്പെട്ട ലെഡ്ജറിൽ നടത്തിയ പരിശോധനയിൽ 893/- മാത്രമാണ് ബാങ്ക് ചാർജ്ജസ് ഇനത്തിൽ ബാങ്ക് ഈടാക്കിയിട്ടുള്ളത്. ശേഷിക്കുന്ന തുക (9437രൂപ) ആദായനികുതി നിയമം 194 N വകുപ്പ് പ്രകാരം താഴെപ്പറയുന്ന തീയതികളിൽ കുറവ് വരുത്തിയതായാണ് കാണുന്നത്.

| ക്രമനമ്പർ | തുക | ഈടാക്കിയ തീയതി |
|---|---|---|
| 1 | 3292 | 08/12/2020 |
| 2 | 690 | 09/12/2020 |
| 3 | 3762 | 29/12/2020 |
| 4 | 442 | 04/01/2021 |
| 5 | 1047 | 13/01/2021 |
| 6 | 204 | 19/01/2021 |
| ആകെ | 9437/- | |

ആദായനികുതി നിയമം 194 N സെക്ഷന്റെ പരിധിയിൽ സർക്കാർ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളതാണ്. 2020 ഡിസംബറിൽ ഈടാക്കിയ 7744/- രൂപ മുൻസിപ്പൽ അക്കൗണ്ടിലേയ്ക്ക്

തിരികെ അടവാക്കാൻ ആവശ്യപ്പെട്ട് 30.12.2020 ൽ ബാങ്കിന് കത്ത് നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.01.22) ലഭ്യമാക്കിയ മറുപടിയിൽ ഈടാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ബാങ്ക് ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ആധികാരികമാക്കി ആയത് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 തെറ്റായ ഉപയോഗക്രമം സൂചിപ്പിച്ച് വസ്തുനികുതി ഈടാക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടത്തിയ പരിശോധനയിൽ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയയിൽ നിർണ്ണയിച്ചിരിക്കുന്നത് തെറ്റായ ഉപയോഗക്രമത്തിലാണെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ / വ്യക്തിയുടെ പേര് | വാർഡ് നമ്പർ- കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ചിരിക്കുന്ന ഉപയോഗക്രമം (നിരക്ക്) | നിർണ്ണയിക്കേണ്ടിയിരുന്ന ഉപയോഗക്രമം (നിരക്ക്) |
|---|---|---|---|---|---|
| 1 | ബിന്ദു പി കെ, ഐശ്വര്യ ടൈൽസ് | XX/250 | 84.16 | പാർപ്പിടാവശ്യം, 12 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ , 65 |
| 2 | ഡോ.രഞ്ജിത്ത് കെ ആർ, കളത്തിൽ ഹോമിയോപ്പതിക് ക്ലിനിക് | XX/206 | 80 | പാർപ്പിടാവശ്യം, 12 | ആശുപത്രികൾ,15 |
| 3 | മാത്യു കെ ജോസഫ്, ഫിസക്യൂവർ വ്യായാമചികിത്സാകേന്ദ്രം | XX/112 | 120.3 | പാർപ്പിടാവശ്യം, 12 | ആശുപത്രികൾ,15 |
| 4 | കെ ശ്രീകുമാർ വർമ്മ, ഫാർമ്മസ്യൂട്ടിക്കൽസ് | VIII/269 | 60.99 | പാർപ്പിടാവശ്യം, 12 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഷോപ്പുകൾ , 65 |
| 5 | ഡോ.എം.കെ സതി, ആയുർവേദ ചികിത്സാകേന്ദ്രം | XI/15 | 47.62 | പാർപ്പിടാവശ്യം, 12 | ആശുപത്രികൾ,15 |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/18.01.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമെങ്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി നിർണ്ണയം -ചട്ടങ്ങൾ പാലിച്ചില്ല

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളിൽ നടത്തിയ പരിശോധനയിൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കപ്പെട്ടില്ലെന്ന് കാണുന്നു

| കെട്ടിടത്തിന്റെ | വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന | നിർണ്ണയിക്കേണ്ടിയിരുന്ന |
|---|---|---|---|

| | | | |
|---|---|---|---|
| വിവരങ്ങൾ | | ഉപയോഗക്രമം,നിരക്ക് | ഉപയോഗക്രമം,നിരക്ക് |
| കെട്ടിടനമ്പർ 546/A, വാർഡ് നം. 7 കെ റ്റി ഡി സി ഉടമസ്ഥതയിലുള്ള കെട്ടിടം | 684 ച മീ | ഓഫീസ് ആവശ്യത്തിനുള്ളവ 70 രൂപ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, 85 രൂപ |

കൂടാതെ തറനിർമ്മിതി കണക്കാക്കി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധന വരുത്തിയിട്ടില്ല. കെട്ടിടത്തിന്റെ ഉപയോഗക്രമം, തറനിർമ്മിതി എന്നിവയുടെ കൃത്യത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/16.01.22) മറുപടി ലഭ്യമായില്ല. മേൽ വിഷയങ്ങളിൽ പരിശോധന നടത്തി വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി -കുടിശ്ശിക

നഗരസഭയുടെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | തൻവർഷം | 2097224 |
| 2 | കുടിശിക | 1474675 |
| | ആകെ | 3571899 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/11.01.22) ലഭ്യമാക്കിയ മറുപടിയിൽ 13,51,689/- രൂപ നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുത്തതായും ശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും സെക്രട്ടറി അറിയിച്ചു. വസ്തുനികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി കണക്കാക്കിയില്ല.

നഗരസഭയുടെ 19-ാം വാർഡിലുള്ള ലേ പാലസ് ഹോട്ടൽ എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള ലൈസൻസ് അപേക്ഷയിൽ മേൽ സ്ഥാപനം 9,10,11,12,13 എന്നീ കെട്ടിടനമ്പറുകളോട് കൂടിയ മുറികളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ ഓരോ കെട്ടിടത്തിനും 35.84 ച .മീ വിസ്തീർണ്ണം കണക്കാക്കി പ്രത്യേകമായി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു. ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, 100ച.മീ. വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക ബാധകമായ ഒരു ച.മീറ്ററിന് 65 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 85രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/18.1.22) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുന:പരിശോധിച്ച് ബാധകമായ വസ്തുനികുതി കണക്കാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി റിവിഷൻ

1.വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല.

വൈക്കം നഗരസഭയുടെ 26 വാർഡുകളിലും വസ്തുനികുതി റിവിഷൻ ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി എൻട്രി ചെയ്തിട്ടുള്ള ഫോം 6 തിരുത്തൽ വരുത്തുന്നതിനും വിട്ടുപോയിട്ടുള്ളവ പുതുതായി ചേർക്കുന്നതിനും 2013-14 മുതലുള്ള രസീത് പോസ്റ്റിംഗ് പൂർത്തീകരിച്ച് ടാക്സ് റിവിഷൻ ഓൺലൈൻ ആക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ നിന്നും വ്യക്തമായിരുന്നു. മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ,ഡേറ്റാ എൻട്രി പൂർത്തീകരിച്ചുണ്ടെങ്കിൽ ആയത് സംബന്ധിക്കുന്ന വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/11.01.2021) വസ്തുനികുതി റിവിഷൻ പൂർത്തിയായിട്ടില്ലായെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. നിലവിൽ 75% റിവിഷൻ പൂർത്തീകരിച്ചതായും 4 വാർഡുകളിൽ റിവിഷൻ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാൻഡ് നോട്ടീസ് വിതരണം പൂർത്തിയായതായും അറിയിച്ചു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന വൈക്കം നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കാത്തതുമൂലം തനത് വരുമാനത്തിൽ ഭീമമായ നഷ്ടമുണ്ടാകുന്നതായി മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നു. സമയബന്ധിതമായി വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കി സഞ്ചയ സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് നഗരസഭാ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2.വസ്തുനികുതി പരിഷ്കരണം – അപാകതകൾ

നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം നിലവിൽ പുരോഗമിക്കുകയാണ്. വസ്തുനികുതി പരിഷ്കരണത്തിനായി താഴെപ്പറയും പ്രകാരം പ്രോജക്ടുകൾ ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കായിട്ടുണ്ട്. വസ്തുനികുതി സംബന്ധമായ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിലേയ്ക്ക് ഡേറ്റാ എൻട്രി നടത്തുന്നതിനാണ് പ്രോജക്ടുകൾ നടപ്പാക്കുന്നത്.

| ക്രമനമ്പർ | വർഷം | പ്രോജക്ട് നമ്പർ / വിവരങ്ങൾ | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 2019-20 | 206/19-20 പ്രോപർട്ടി ടാക്സ് റിവിഷൻ | 50000 | 26210 |
| 2 | 2020-21 | 41/19-20 പ്രോപർട്ടി ടാക്സ് റിവിഷൻ | 50000 | 30698 |
| | | | ആകെ | 56908 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ ഡേറ്റാ എൻട്രി വിവരങ്ങൾ പൂർണ്ണമാക്കാത്തതായും വിവരങ്ങൾ ചേർത്തതിൽ അസസ്സ്മെന്റ് രജിസ്റ്ററുകളുമായി പൊരുത്തക്കേടുകളുള്ളതായും കാണുന്നു. നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്ററുകൾ പരിശോധിക്കാൻ സാധിക്കാത്ത വിധത്തിൽ പഴകിയതായും രേഖപ്പെടുത്തലുകൾ പലതും അവ്യക്തവുമാണ്. ഈ സാഹചര്യത്തിൽ പ്രോജക്ട് പ്രകാരം നടത്തിയ ഡേറ്റാ എൻട്രികളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ഓഡിറ്റ് പരിശോധനാവേളയിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ ചേർക്കുന്നു

I) നഗരസഭയുടെ രണ്ടാംവാർഡിലുള്ള 297 A,B,C,D എന്നീ നമ്പറുകളുള്ള കെട്ടിടങ്ങളിൽ വൈറ്റ് ഗേറ്റ് റസിഡൻസി എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയ പരിശോധനയിൽ മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും

ചേർത്തിട്ടുള്ളതായി കാണുന്നില്ല. തറവിസ്തീർണ്ണം സംബന്ധിക്കുന്ന വിവരങ്ങൾ നിലവിൽ ചേർത്തിട്ടില്ല. കൂടാതെ ഉപയോഗക്രമം ഓഫീസ് ആവശ്യത്തിനുള്ളവ എന്ന തെറ്റായി രേഖപ്പെടുത്തിയതായി കാണുന്നു.

li) 22-ാം വാർഡിലെ 209/A എന്ന കെട്ടിടം സൗമ്യ ഷീല, ദേവാമൃതം എന്ന വ്യക്തിയുടെ പേരിലുള്ളതാണ്. അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 226 ച.മീ ആണ്. എന്നാൽ സഞ്ചയ പ്രകാരം ആയത് 210 ച.മീ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

lii) 22-ാം വാർഡിലെ 278/F എന്ന കെട്ടിടം ജോമി ചെരുവിൽ സേവ്യർ എന്ന വ്യക്തിയുടെ പേരിലുള്ളതാണ്.അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം മേൽ കെട്ടിടത്തിന്റെ തറനിർമ്മിതി ടൈൽ ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് . എന്നാൽ സഞ്ചയ പ്രകാരം ബാധകമായ വസ്തുനികുതി വർദ്ധന വരുത്തിയിട്ടില്ല.

llll) 17-ാം വാർഡിലെ 316/B എന്ന കെട്ടിടം സി ബി ചന്ദ്രമോഹൻ, മാലതി മോഹൻ എന്നിവരുടെ പേരിലുള്ളതായിട്ടാണ് അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ഉടമസ്ഥത മേൽ കെട്ടിടത്തിന്റെ മുൻ ഉടമയായ അബ്ദുൽ റഹ്മാൻ, തൌഫീക്ക് മൻസിൽ പേരിൽ തന്നെയുള്ളതായി കാണുന്നു. ഉടമസ്ഥത 17.10.2019 ൽ തന്നെ മാറിയിട്ടുള്ളതാണ്.

വസ്തുനികുതി പരിഷ്കരണത്തിൽ അപാകതകൾ പരിഹരിക്കുന്നതിന് സത്വരശ്രദ്ധ പതിപ്പിക്കേണ്ടതാണ്. അസ്സസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കൂടാതെ ആവശ്യമെങ്കിൽ സ്ഥലപരിശോധന നടത്തി ഡേറ്റാ എൻട്രി പൂർത്തീകരിക്കേണ്ടതും സൂക്ഷ്മപരിശോധന നടത്തി വിവരങ്ങൾ ആധികാരികമാക്കേണ്ടതുമാണ്.

1-17 തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയിട്ടില്ല.

വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-21ലെ വാർഷിക ധനകാര്യ പത്രികയിലെ ആർ.പി-1 ഷെഡ്യൂൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 5556018 രൂപ വരവ് വന്നിട്ടുള്ളതായി കാണുന്നു. എന്നാൽ ആയത് സാധൂകരിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേണുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ 2020-21 വർഷം വിറ്റുവരവിനാനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. പരാമർശിത രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/17.01.22) ലോക്ക് ഡൗൺ മൂലം ഓഫീസ് സാധാരണ ഗതിയിൽ പ്രവർത്തിക്കാത്തതിനാലും സെക്ഷന് ക്യാഷിന്റെ ചുമതല നൽകിയതിനാലുമാണ് രജിസ്റ്റർ തയ്യാറാക്കാൻ സാധിക്കാതിരുന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. രജിസ്റ്റർ പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വൈക്കം നഗര സഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2020-21 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സ്വപ്ന വെഡ്ഡിംഗ് കളക്ഷൻ സെന്റർ, വൈക്കം |
| 2 | മട്ടക്കൽ സൂപ്പർമാർക്കറ്റ്, വൈക്കം |
| 3 | വൈക്കം ട്രേഡേഴ്സ് സൂപ്പർമാർക്കറ്റ്, വൈക്കം |
| 4 | സെൻട്രൽ ബസാർ സൂപ്പർ മാർക്കറ്റ് |
| 5 | മിത്രം സൂപ്പർ മാർക്കറ്റ്, വൈക്കം |
| 6 | ട്രെൻഡ്സ് ഫോർ വിമൺ, വൈക്കം |
| 7 | ട്രെൻഡ്സ് , വൈക്കം |
| 8 | ബ്രെഡ് ബാസ്കറ്റ് , വൈക്കം |
| 9 | ഓക്സിജൻ ഡിജിറ്റൽ സൂപ്പർ ഷോപ്പി, വൈക്കം |
| 10 | റിയൽ സൂപ്പർമാർക്കറ്റ്, വൈക്കം |

| | |
|---|---|
| 11 | എടയന്ത്രത്ത് ഡെന്റൽ ഹോസ്പിറ്റൽ, വൈക്കം |
| 12 | എച്ച്.ഡി.എഫ്.സി. സ്റ്റാൻഡേർഡ് ലൈഫ് ഇൻഷുറൻസ്, വൈക്കം |
| 13 | കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ്, വൈക്കം |
| 14 | പോസ്റ്റ് ഓഫീസ്, വൈക്കം |
| 15 | ഖാദി ഷോറൂം, വൈക്കം |
| 16 | ആലപ്പി സർവ്വോദയ സംഘം,വൈക്കം |
| 17 | സിവിൽ സപ്ളൈസ് കോർപ്പറേഷൻ, വൈക്കം |
| 18 | അർബൻ വെൽഫയർ കോപ്പറേറ്റീവ് സൊസൈറ്റി, വൈക്കം |
| 19 | അക്വാരിയസ് ഹോട്ടൽ, വൈക്കം |
| 20 | നീതി മെഡിക്കൽ സ്റ്റോർ,വൈക്കം |
| 21 | വിജയ ജൂവലറി, വൈക്കം |
| 22 | പഴേമഠം ജൂവലറി, വൈക്കം |
| 23 | പഴേമഠം ഫിനാൻസിയേഴ്സ്, വൈക്കം |
| 24 | ഇൻഡസ് ഇൻഡ് ബാങ്കിംഗ്& ഫിനാൻസിംഗ്, വൈക്കം |
| 25 | പോപ്പുലർ ഫിനാൻസിംഗ്, വൈക്കം |
| 26 | കരുവേലിമറ്റം ചിട്ടി,വൈക്കം |
| 27 | ആർ.ബി.എൻ സൊല്യൂഷൻ,വൈക്കം |
| 28 | വൈറ്റ് ഗേറ്റ് റസിഡൻസി,വൈക്കം |
| 29 | ഭാരത് ഗ്യാസ് ഏജൻസീസ്, വൈക്കം |
| 30 | കൽപ്പക സൂപ്പർമാർക്കറ്റ്, വൈക്കം |
| 31 | ഹലോ ഡിയർ സൂപ്പർമാർക്കറ്റ്, വൈക്കം |
| 32 | മാവേലി മെഡിക്കൽസ്, വൈക്കം |
| 33 | ഫയർ ആൻഡ് റെസ്ക്യു, വൈക്കം |
| 34 | ശ്രദ്ധ ദന്തൽ ക്ളിനിക്ക്,വൈക്കം |
| 35 | വർമ്മാസ് പബ്ളിക്ക് സ്കൂൾ,വൈക്കം |
| 36 | ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ESI ഡിസ്പെൻസറി, വൈക്കം |
| 37 | ജി.ടെക് കമ്പ്യൂട്ടേഴ്സ് |
| 38 | ടൗൺ കയർ വ്യവസായ സഹകരണ സംഘം |
| 39 | വലിയകുളങ്ങര ദന്തൽ ക്ലിനിക്ക് |
| 40 | വി.എസ്.എം ഹോസ്പിറ്റൽ |
| 41 | മണപ്പുറം ഫിനാൻസ് |
| 42 | വൈക്കം എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 43 | ബി.എസ്.എൻ.എൽ വൈക്കം |
| 44 | കെ.ടി.ഡി.സി വൈക്കം |

| | |
|---|---|
| 45 | കെ.എസ്.ആർ.ടി.സി വൈക്കം |
| 46 | വേമ്പനാട് ഹോട്ടൽ, വൈക്കം |
| 47 | കെ.എസ്.എഫ്.ഇ, വൈക്കം |
| 48 | കെ.എസ്.ഇ.ബി, വൈക്കം |
| 49 | വൈറ്റ് ഗോൾഡ് വൈക്കം |
| 50 | നിധി ഫിനാൻസ്, വൈക്കം |
| 51 | സാംസംഗ് ഹോം അപ്ലയൻസസ്, വൈക്കം |
| 52 | വിജയ ഹോം അപ്ലയൻസസ്, വൈക്കം |
| 53 | ജിയോ ഡിജിറ്റൽ ലൈഫ്, വൈക്കം |
| 54 | ബേക്ക് പോയിന്റ്, വൈക്കം |
| 55 | ഫുഡ് വില്ല , വൈക്കം |
| 56 | രാമനാട്ടുകര റോയൽ എൻഫീൽഡ് ഷോറൂം, വൈക്കം |
| 57 | ആവേ മരിയ യമഹ ഷോറൂം, വൈക്കം |
| 58 | എ.ജി.സി ഓട്ടോമൊബൈൽസ് ഹീറോ ഓട്ടോ ഷോറൂം., വൈക്കം |
| 59 | വൈക്കത്ത് പറമ്പിൽ ഓട്ടോ മൊബൈൽസ്, വൈക്കം |
| 60 | വിവേകാനന്ദ വിദ്യാ മന്ദിർ, വൈക്കം. |
| 61 | കേരള ബാങ്ക്, വൈക്കം |
| 62 | കൊശമറ്റം ഫിനാൻസ്, വൈക്കം |
| 63 | മിനി മുത്തൂറ്റ്, വൈക്കം |
| 64 | മംഗളം ദിനപത്രം , വൈക്കം ബ്യൂറോ |
| 65 | വൈക്കം താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, വൈക്കം. |
| 66 | വൈക്കം ഗവ. ടീച്ചേഴ്സ് സഹകരണ സംഘം, വൈക്കം |
| 67 | ഇസാഫ്, വൈക്കം |
| 68 | ഫെഡറൽ ബാങ്ക്, വൈക്കം |
| 69 | ഗോകുലം ചിറ്റ്സ്, വൈക്കം |
| 70 | യൂണിയൻ ബാങ്ക്, വൈക്കം |
| 71 | എച്ച്.ഡി.എഫ്.സി ബാങ്ക്, വൈക്കം |
| 72 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വൈക്കം |
| 73 | കാനറ ബാങ്ക് , വൈക്കം |
| 74 | ബജാജ് ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം |
| 75 | പോപ്പുലാർ ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം |
| 76 | ഹോണ്ട ഓട്ടോമൊബൈൽസ് ഷോറൂം, വൈക്കം |
| 77 | ചാണീസ് ഈറ്റ്സ്, വൈക്കം |
| 78 | റോസ് ഭാരത് ഗ്യാസ് ഏജൻസീസ്, വൈക്കം |

| | |
|---|---|
| 79 | വെൽഫെയർ കോളേജ്, വൈക്കം |
| 80 | ഇൻഡ്യൻ കോഫീ ഹൗസ്, വൈക്കം |
| 81 | റിലയൻസ് റീടെയിൽ ലിമറ്റഡ് |
| 82 | ഡോക്ടേഴ്സ് ഡയഗണോസ്റ്റിക് സെന്റർ, വൈക്കം |
| 83 | എസ്.എൻ.വി ഹോട്ടൽ, വൈക്കം |
| 84 | ആര്യാസ് ഹോട്ടൽ, വൈക്കം |
| 85 | ലച്ച്മൺ ദാസ് മാച്ച് വർക്സ്, വൈക്കം |
| 86 | അശോക് ട്രേഡിംഗ് കമ്പനി, വൈക്കം |
| 87 | റോയിസ് പ്രീ സ്കൂൾ, വൈക്കം |
| 88 | കൃഷ്ണൻ നായർ എന്റർപ്രൈസസ്, വൈക്കം |
| 89 | എസ്റ്റേറ പോളിമേഴ്സ്, വൈക്കം |
| 90 | എ&ബി കമ്പ്യൂട്ടേഴ്സ്, വൈക്കം |
| 91 | തെക്കേപ്പറമ്പിൽ ടൈൽസ് ആന്റ് ഗ്രാനൈറ്റ്സ്, വൈക്കം |
| 92 | ദീപ ടെക്സ്റ്റൈൽസ്, വൈക്കം |
| 93 | ഐശ്വര്യ കളക്ഷൻസ്, വൈക്കം |
| 94 | വൈറ്റ് ഹൗസ്, വൈക്കം |
| 95 | ശ്രീദേവി ഫിഷ് മർച്ചന്റ്സ്, വൈക്കം |
| 96 | മട്ടക്കൽ മാർജിൻ ഫ്രീഷോപ്പ്, വൈക്കം |
| 97 | ലേ പാലസ്, വൈക്കം |
| 98 | ആവേ മരിയ ഓട്ടോമൊബൈൽസ്, വൈക്കം |
| 99 | കാർ കെയർ ഓട്ടോമൊബൈൽസ്, വൈക്കം |
| 100 | കൃഷ്ണ വെജിറ്റബിൾസ്, വൈക്കം |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെങ്കിൽ ആയതിന്റെ കാരണം, ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/18.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ എത്രയും വേഗം പൂർത്തിയാക്കേണ്ടതും പരാമർശിത സ്ഥാപനങ്ങളിലേതുൾപ്പെടെ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-18 വാടക പൂർണ്ണമായും ഈടാക്കാൻ നടപടി സ്വീകരിക്കണം

വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന മുറികളുടെ വാടക 2020-21 വർഷം പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | മുറി | വാടകക്കാരന്റെ പേര് | 2020-21 വർഷത്തെ നിരക്ക് (വാടക + ജി.എസ്.റ്റി) | ഈടാക്കാത്ത മാസങ്ങൾ | കുടിശിക | |
|---|---|---|---|---|---|---|
| | | | | | വാടക | ജി.എസ്.റ്റി |
| 1 | കച്ചേരിക്കവല ഷോപ്പിംഗ് | ഗോപിനാഥൻ നായർ, കൃഷ്ണവിലാസം | 2384+430 | 1/21-3/21 | 7152 | 1290 |

| | | | | | | |
|---|---|---|---|---|---|---|
| | കോംപ്ളക്സിലെ റൂം നമ്പർ 6 | | | | | |
| 2 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 13 | പി.എസ്.രാധകൃഷ്ണൻ, നെല്ലിപ്പള്ളിൽ | 1628+293 | 12/20-3/21 | 6512 | 1172 |
| 3 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 17 | യു ഉലഹന്നാൻ, ചാണ്ടിച്ചിറ | 1628 + 293 | 4/20-3/21 | 19536 | 3516 |
| 4 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 18 | എം.പി.രമണൻ, വടക്കേത്തറ | 2169+391 | 9/20-3/21 | 15183 | 2737 |
| 5 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ളക്സിലെ റൂം നമ്പർ 21 | ധന്യാ സിജി പരുത്തിക്കാനിലയം | 45842+8252 | 4/20-3/21 | 550104 | 99024 |
| 6 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 1 | സീന ഷാജി,വല്ലൂത്തറ | 1289+232 | 6/20-3/21 | 12890 | 2320 |
| 7 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 3 | കെ.വി.ഷാജി, കോട്ടപ്പള്ളി | 1134+ 204 | 9/20-3/21 | 7938 | 1428 |
| 8 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 4 | സെക്രട്ടറി, കോട്ടയം ജില്ലാ മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 257 + 47 | 4/20-3/21 | 3084 | 564 |
| 9 | ബസ് സ്റ്റാന്റ് ഷോപ്പ് റൂം നമ്പർ 5 | സെക്രട്ടറി, വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ (AITUC) | 257 + 47 | 4/20-3/21 | 3084 | 564 |
| 10 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 1 | സീനാ ഷാജി , വല്ലൂത്തറ | 5500+ 990 | 4/20-3/21 | 66000 | 11880 |
| 11 | ബസ്സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 4 | അജിമോൻ, മുട്ടത്താഴത്ത് | 1584+ 285 | 4/20-3/21 | 19008 | 3420 |
| 12 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 7 | മാനേജർ, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 368+ 66 | 4/20-3/21 | 4416 | 792 |
| 13 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം | ഗൗരി കൊച്ചനിയൻ | 608+110 | 9/20-3/21 | 4256 | 770 |

| | | | | | | |
|---|---|---|---|---|---|---|
| | നമ്പർ 9 | | | | | |
| 14 | ബസ് സ്റ്റാന്റ് പുറംപോക്ക് റൂം നമ്പർ 10 | കേശവൻ | 2222 + 400 | 4/20-3/21 | 26664 | 4800 |
| 15 | ഓഫീസ് കോംപ്ലക്സ് റൂം നമ്പർ 2 | ജോയിന്റ് ആർടിഒ വൈക്കം | 13050+2349 | 12/20-3/21 | 52200 | 9396 |
| 16 | ഓഫീസ് കോംപ്ലക്സ് റൂം നമ്പർ 4 | | 29695+5345 | 4/20-3/21 | 356340 | 64140 |
| 17 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 4 | പി.രാജൻ, ബീനാ മൻസിൽ | 1124+203 | 4/20-3/21 | 13488 | 2436 |
| 18 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 5 | മുഹമ്മദ് നിസ്സാർ, കച്ചേരിത്തറയിൽ | 1049+189 | 11/20-3/21 | 5245 | 945 |
| 19 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 6 | പ്രസിഡന്റ്, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 402+73 | 4/20-3/21 | 4824 | 876 |
| 20 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 1 | സുജിൻ,സെക്രട്ടറി സി.പി.എം ലോക്കൽ കമ്മിറ്റി | 3336+600 | 4/20-3/21 | 40032 | 7200 |
| 21 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 3 | എം.പി.പ്രസാദ്, പ്രസിഡന്റ്,ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ | 1400+252 | 4/20-3/21 | 16800 | 3024 |
| 22 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 4 | കെ.എസ്.ബാബു, മണലോടിത്തറ | 639+115 | 1/21-3/21 | 1917 | 345 |
| 23 | ദളവാക്കുളം ബസ് ടെർമിനൽ -ഫസ്റ്റ് ഫ്ലോർ റൂം നമ്പർ 5 | സുനിത, സെക്രട്ടറി, കുടുംബശ്രീ | 3638+655 | 4/20-3/21 | 43656 | 7860 |
| 24 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 1 | ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണ സംഘം | 938 + 169 | 4/20-3/21 | 11256 | 2028 |
| 25 | കോവിലകത്തും കടവ് മാർക്കറ്റ്, റൂം നമ്പർ 2 | ഹെഡ് ലോഡ് &ജനറൽ മസ്ദൂർ സംഘം | 938 + 169 | 4/20-3/21 | 11256 | 2028 |
| 26 | കോവിലകത്തുംകടവ് മാർക്കറ്റ്, റൂം നമ്പർ 3 | കൺവീനർ,INTUC | 938 + 169 | 4/20-3/21 | 11256 | 2028 |
| 27 | കോവിലകത്തുംകടവ് മാർക്കറ്റ്, റൂം നമ്പർ 4 | ഗിരീഷ്.കെ, കിഴക്കേചാലപ്പള്ളിൽ | 10500+1890 | 4/20-3/21 | 126000 | 22680 |
| 28 | മുനിസിപ്പൽ | ജനാർദ്ദനൻ | 3699+666 | 4/20-3/21 | 44388 | 7992 |

| | | | | | | |
|---|---|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 3 | | | | | |
| 29 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ7 | പ്രിൻസ്, കറുത്തേടത്ത് | 4471+ 805 | 4/20-3/21 | 53652 | 9660 |
| 30 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 8 | മോനിഷ കെ.എം കോനാരിൽ | 3639+ 655 | 4/20-3/21 | 43668 | 7860 |
| 31 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 11 | എ.അനിൽകുമാർ, വള്ളൂർ | 3639+ 655 | 4/20-3/21 | 43668 | 7860 |
| 32 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 12 | ലക്ഷ്മിക്കുട്ടിയമ്മ, ബാബുസദനം | 3639+ 655 | 4/20-3/21 | 43668 | 7860 |
| 33 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 13 | സേവി മാത്യു, വല്യാരമ്പത്ത് | 3639+ 655 | 4/20-3/21 | 43668 | 7860 |
| 34 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് റസ്റ്റ് ഹൗസ്, റൂം നമ്പർ 19 | ലെനിൻ,ചെത്തിമറ്റം | 3639+ 655 | 4/20-3/21 | 43668 | 7860 |
| 35 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 1 | അനിൽ ഓമനക്കുട്ടൻ അടയാക്കൽ | 4920+886 | 11/20-3/20 | 24600 | 4430 |
| 36 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 2 | ബെന്നി ജോസ് മാത്തിൽകാവിൽ | 3939+709 | 4/20-3/21 | 47268 | 8508 |
| 37 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 4 | പി.വി ബാബു , പ്ലാക്കാട്ടുപള്ളിൽ | 4978 + 896 | 4/20-3/21 | 59736 | 10752 |
| 38 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 5 | പി.ആർ.കുമാരൻ പുത്തേഴത്ത് | 2894+521 | 4/20-3/21 | 34728 | 6252 |
| 39 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ളക്സ്, റൂം നമ്പർ 10 | പി.രാജൻ, ബീനാ മൻസിൽ | 4410+794 | 4/20-3/21 | 52920 | 9528 |

| | | | | | | |
|---|---|---|---|---|---|---|
| 40 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 18 | ബൈജു.കെ.പി,വല്ലാഴത്ത് | 3751+675 | 4/20-3/21 | 45012 | 8100 |
| 41 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 24 | പി.ആർ സുമതിയമ്മ | 3343+602 | 4/20-3/21 | 40116 | 7224 |
| 42 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 36 | പ്രസിഡന്റ്, പ്രസ്സ് ക്ലബ് | 1405+ 253 | 4/20-3/21 | 16860 | 3036 |
| 43 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 37 | രമ്യാ മനീഷ്,മൂശാറയിൽ | 3862+696 | 8/20-3/21 | 30896 | 5568 |
| 44 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 38 | സോമൻ,ഉല്പത്തുകാവിൽ | 3751+676 | 11/20-3/21 | 18755 | 3380 |
| 45 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 39 | സൗമ്യ വിനോദ്, ഇടച്ചിറയിൽ | 3862+696 | 8/20-3/21 | 34758 | 6264 |
| 46 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 40 | ധന്യാ ശ്രീനി,കൊല്ലേലിൽ | 3939+709 | 9/20-3/21 | 27573 | 6381 |
| 47 | മുനിസിപ്പൽ ബസ് സ്റ്റാന്റ് കോംപ്ലക്സ്, റൂം നമ്പർ 44 | സുരേഷ് കുമാർ, കൊച്ചുലോനൻകരി | 4331+780 | 12/20-3/21 | 17324 | 3120 |
| | ആകെ | | | | 2207023 | 398758 |

മേൽ സൂചിത വാടകക്കാരുടെ കുടിശ്ശിക പലിശസഹിതം ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/15.01.22) മറുപടി ലഭ്യമാക്കിയില്ല. കോവിഡിനോടനുബന്ധിച്ചുള്ള ലോക്ഡൗൺ കാലയളവിൽ വാടകയിളവിനായി വാടകക്കാർ അപേക്ഷ നൽകിയതിന്റെ വിവരങ്ങളോ ഇളവ് നൽകിയതിന്റെ വിശദാംശങ്ങളോ ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ ടി വ്യക്തികളിൽ നിന്നും വാടക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 ശ്രീമൂലം മാർക്കറ്റിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ശ്രീമൂലം മാർക്കറ്റിലെ താഴെ പറയുന്ന കടമുറികൾ 2020-21 വർഷം താഴെ പറയും പ്രകാരം പുതിയതായി വാടകയ്ക്ക് നൽകിയിട്ടുള്ളതായി കാണുന്നു.

| റൂം നം. | വാടകക്കാരന്റെ വിവരം | വാടക തുക | കരാർ കാലാവധി |
|---|---|---|---|
| IX/575 A | ബിജുമോൻ.പി.വി.,പുത്തൻതറ | 3200 | 01.08.20 To 31.07.21 |
| IX/575 | ബിജുമോൻ.പി.വി.,പുത്തൻതറ | 3200 | 01.08.20 To |

| | | | |
|---|---|---|---|
| B | | | 31.07.21 |
| IX/575 C | മുഹമ്മദ്കുട്ടി അഷ്റഫ് മലേപ്പറമ്പിൽ | 3200 | 26.08.20 To28.02.21 |
| IX/575 D | മുഹമ്മദ്കുട്ടി അഷ്റഫ് മലേപ്പറമ്പിൽ | 8100 | 26.08.20 To28.02.21 |
| IX/575 E | പോൾ സേവ്യർ,കുന്നതറയിൽ | 3100 | 01.06.20 To 31.05.21 |

മേൽ പരാമർശിത കടമുറികൾ പരസ്യമായ ലേലം ചെയ്യാതെ ഓഫർ നടപടികളിലൂടെ വാടകയ്ക്ക് നൽകിയിട്ടുള്ളതായാണ് കാണുന്നത്. കൂടാതെ മുറികളുടെ പ്രതിമാസ വാടക എഞ്ചിനിയറിംഗ് വിഭാഗം നിർണ്ണയിച്ച് നൽകിയിട്ടുള്ളതായും കാണുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/12.01.22) നഗരസഭാ കെട്ടിടങ്ങളുടെ വാടക നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശ നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോട് കൂടിയാണ് നിശ്ചയിച്ച് വരുന്നതെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. എന്നാൽ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയമില്ലാതെ മുറികൾക്ക് വാടക നിശ്ചയിച്ചതും ലേല നടപടിക്രമങ്ങൾ പാലിക്കാതെ ഓഫറിലൂടെ മുറികൾ വാടകയ്ക്ക് നൽകിയതും ക്രമപ്രകാരമല്ല. ആയതിനാൽ അടിസ്ഥാന വാടക നിരക്ക് എഞ്ചിനിയറിംഗ് വിഭാഗത്തെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതും പരസ്യലേല നടപടികളിലൂടെ മുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

1-20 ഐസ് പ്ലാന്റ് - പ്രവർത്തനം പുനരാരംഭിച്ചില്ല-നഗരസഭയ്ക്ക് വരുമാനനഷ്ടം

ഫയൽ നം.R3 104 A/01

കോലത്തുംകടവ് ഐസ് പ്ലാന്റ് 2020-21 വർഷം മുതൽ 3 വർഷത്തേയ്ക്ക് നടത്തിപ്പിനായി ലേലത്തിൽ പിടിച്ച ശ്രീ.ശിവദാസ് നാരായണൻ ,കോട്ടപ്പള്ളിൽ എന്നയാൾ ഐസ് പ്ലാന്റിലെ അമോണിയ ടാങ്ക് അപകടാവസ്ഥയിലായതിനെ തുടർന്ന് 22.03.2021 ൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. തുടർന്ന് നഗരസഭാ സെക്രട്ടറിയും ഉദ്യോഗസ്ഥരും പ്ലാന്റിൽ പരിശോധന നടത്തുകയും പ്ലാന്റ് പൂട്ടി ഏറ്റെടുക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് പ്ലാന്റിൽ പരിശോധന നടത്തി റിപ്പയർ ചെയ്യുന്നതിനാവശ്യമായ റിപ്പോർട്ട് നൽകുന്നതിന് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സി.എഞ്ചിനിയർക്ക് കത്ത് നൽകി. ആയതിന്റ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ സ്ഥപരിശോധന നടത്തുകയും വിവിധ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ചെയ്ത് പ്ലാന്റ് തുടർന്ന് ഉപയോഗിക്കാവുന്നതാണെന്നും അല്ലാത്ത പക്ഷം പൊതുജനാരോഗ്യത്തിന് ഹാനികരമായ അമോണിയ ചോർച്ചയുണ്ടാകാൻ സാദ്ധ്യതയുണ്ടാകുമെന്നും 15.07.2021 ൽ റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്ലാന്റിലെ അറ്റകുറ്റപ്പണികൾക്കായി ടെക്നിക്കൽ എഞ്ചിനിയറും മുനിസിപ്പൽ എഞ്ചിനിയറും ചേർന്ന് അടിയന്തിരമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് 23.09.21 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 1-ാം നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് 5.10.2021 ൽ മുനിസിപ്പൽ എഞ്ചിനിയർക്ക് കുറിപ്പ് നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ എസ്റ്റിമേറ്റ് ലഭ്യമാക്കാത്തതിനാൽ എഞ്ചിനിയർക്ക് ഓർമ്മക്കുറിപ്പ് നൽകാവുന്നതാണെന്ന് 16.12.21 ൽ സെക്ഷൻ ഫയലിൽ നോട്ട് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. പ്ലാന്റ് തുറന്ന് പ്രവർത്തിക്കാത്തതിനാൽ വൻ തുക കൊടുത്ത് സ്വകാര്യ വ്യക്തികളിൽ നിന്നാണ് ഐസ് വാങ്ങുന്നതെന്നും ആയതിനാൽ അടഞ്ഞു കിടക്കുന്ന ഐസ് പ്ലാന്റ് തുറന്ന് പ്രവർത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും കാണിച്ച് കേരള സ്റ്റേറ്റ് മത്സ്യത്തൊഴിലാളി ഫെഡറേഷൻ നഗരസഭാ സെക്രട്ടറിയ്ക്ക് 24.11.2021 ൽ നിവേദനവും നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്ലാന്റിന്റെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതായോ പ്ലാന്റിൽ അവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പ്ലാന്റ് പ്രവർത്തനം പുനരാരംഭിച്ചതായോ കാണുന്നില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.9/12.01.22) മറുപടിയും ലഭ്യമാക്കിയില്ല. പ്ലാന്റ് നാളിതുവരെ പ്രവർത്തനം പുനരാരംഭിയ്ക്കാത്തതിനാൽ നഗരസഭയ്ക്ക് ഭീമമായ തുക വരുമാന നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ പ്ലാന്റിന്റെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് എടുത്ത് അടിയന്തിരമായി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും അറ്റകുറ്റപ്പണികൾ നടത്തി പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലേക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-21 ക്രിമറ്റോറിയം- നടത്തിപ്പിലും കുടിശ്ശിക ഈടാക്കുന്നതിലും വീഴ്ച

ഫയൽ നം.R3 -2147/18

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ക്രിമറ്റോറിയം ഒരു ലക്ഷം രൂപയ്ക്ക്, പ്രതിവർഷം 5% വർദ്ധനവോടെ ശ്രീ.ശിവരാജൻ എന്നയാൾ 2018-19 മുതൽ മൂന്ന് വർഷത്തേയ്ക്ക് ലേലത്തിൽ എടുത്തിരുന്നു. എന്നാൽ ടിയാൻ ആദ്യ വർഷത്തെ ലേലത്തുകയുടെ മൂന്നിലൊന്ന് തുകയായ 39334 രൂപ മാത്രമാണ് നഗരസഭയിൽ അടച്ചിട്ടുള്ളത്. 2020-21 വർഷം വരെ ആകെ ടിയാൻ ജി.എസ്.റ്റി, പിഴപലിശ എന്നിവയൊഴികെ കുടിശ്ശിക വരുത്തിയിട്ടുള്ള തുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഡിമാന്റ് തുക | അടവാക്കിയ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | 2018-19 | 100000 | 39334 | 60666 |
| 2 | 2019-20 | 105000 | 0 | 105000 |
| 3 | 2020-21 | 110250 | 0 | 110250 |
| | ആകെ | 315250 | 39334 | 275916 |

01.04.2018 മുതൽ ക്രിമറ്റോറിയം നടത്തിപ്പിനായി ലേലത്തിലെടുത്ത ടിയാളുമായി നഗരസഭ 27.10.2020 ൽ മാത്രമാണ് കരാർ വെച്ചിട്ടുള്ളത്. വ്യവസ്ഥ പ്രകാരം ടിയാളുടെ 2020-21 വർഷത്തെ ഡിമാന്റ് തുക 110250 രൂപയാണ്. എന്നാൽ വാർഷികകണക്കുകളിലും കുത്തകലേലം സംബന്ധിച്ച രജിസ്റ്ററിലും ആയത് ഉൾപ്പെടുത്തുകയോ ഡി സി ബി യിൽ കിട്ടാനുള്ള തുകയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കുത്തകക്കാരൻ 2018ൽ ക്രിമറ്റോറിയം ലേലത്തിൽ പിടിച്ച സമയത്ത് അടച്ച 39334 രൂപ മാത്രമാണ് ടിയിനത്തിൽ നഗരസഭയ്ക്ക് ആകെ വരവുള്ളത്. അതിനുശേഷം ഒരു രൂപാ പോലും നഗരസഭയിൽ അടവാക്കാതെയും കരാറിലേർപ്പെടാതെയും ടിയാൻ 3 വർഷത്തോളം ക്രിമറ്റോറിയം പ്രവർത്തിപ്പിച്ചുവെന്നത് വളരെ ഗൗരവമുള്ള വിഷയമാണ്.

ശ്രീ.ശിവരാജൻ നഗരസഭയിൽ നിന്നും വിരമിച്ച കണ്ടിജന്റ് തൊഴിലാളിയായതിനാൽ ടിയാൾക്ക് നഗരസഭയിൽ നിന്നും വിവിധ ആനുകൂല്യങ്ങളിലായി നൽകുവാനുള്ള 228224 രൂപ ശ്മശാനം നടത്തിയ ഇനത്തിലുള്ള കുടിശ്ശിക തുകയിൽ വരവ് വയ്ക്കുന്നതിന് 15.10.2020 ൽ ടി കരാറുകാരനുമായി കൂടിയ മീറ്റിംഗിൽ തീരുമാനിക്കുകയും ഇത് സമ്മതമാണെന്ന് 20.10.2020ൽ ടിയാൻ മുദ്രപ്പേപ്പറിൽ എഴുതി നൽകിയിട്ടുള്ളതായും കണ്ടുന്നു. ആയത് പ്രകാരം 11/20 വരെ പിഴപലിശയും ജി.എസ്.റ്റിയും ഉൾപ്പെടെ ആകെ 325976 രൂപ ടിയാൻ അടവാക്കുവാനുള്ളതായി നോട്ട് ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടികൾക്ക് നഗരസഭ കൗൺസിൽ അംഗീകാരം നൽകിയതായി കാണുന്നില്ല. ടി തുക ശ്രീ.ശിവരാജന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ബാക്കി തുക ഈടാക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും പ്രസ്തുത നടപടിക്രമങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള കൗൺസിൽ തീരുമാനവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.57/21.01.21) മറുപടി ലഭ്യമാക്കിയില്ല. കരാർ കാലാവധി അവസാനിച്ചിട്ടും കുത്തകക്കാരനിൽ നിന്നും തുക ഈടാക്കുവാൻ സാധിക്കാത്തത് വലിയ കൃത്യ വിലോപമാണ്. ആയതിനാൽ മേൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ക്രിമറ്റോറിയം ഇനത്തിൽ ഇനി ലഭിക്കാനുള്ള കുടിശ്ശിക തുക കൃത്യമായി കണക്കാക്കി കുത്തകക്കാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ

പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-22 കുത്തകലേലം -തുക ഈടാക്കാൻ അവശേഷിക്കുന്നു.

1.കോവിലകത്തും കടവ് ഐസ് പ്ലാന്റ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കോവിലകത്തും കടവ് ഐസ് പ്ലാന്റ് ശ്രീ.ശിവദാസ് നാരായണൻ കോട്ടപ്പിള്ളിൽ എന്നയാൾ 01.04.20 മുതൽ 31.03.21 വരെ 1536000 (ജി.എസ്.റ്റി ഒഴികെ)രൂപയും തുടർന്ന് ഓരോ വർഷംവും 5% വർദ്ധനവ് പ്രകാരവും 3 വർഷത്തേയ്ക്ക് നടത്തിപ്പിനായി ലേലത്തിൽ പിടിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷം ടിയാൻ 512000 രൂപയും ആയതിന്റെ ജി.എസ്.റ്റി തുകയും മാത്രമേ അടവാക്കിയതായി കാണുന്നുള്ളൂ. കൂടാതെ മാർച്ച് 21 വരെയുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക തുക 523450 രൂപ അടവാക്കുവാൻ 18.12.21 ൽ കുത്തകക്കാരന് നോട്ടീസ് നൽകിയിട്ടുള്ളതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8(1)/12.01.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അടവാക്കുവാൻ ബാക്കിയുള്ള ലേലതുകയായ 1024000 രൂപയും (1536000-512000) ജി.എസ്.റ്റി യും വൈദ്യുത ചാർജ്ജിനത്തിലുള്ള 523450 രൂപയും ടിയാൻ അടവാക്കിയിട്ടില്ലാത്തതായി അനുമാനിക്കുന്നു. മേൽ തുകകളും പിഴപലിശയും കുത്തകക്കാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2.കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കോവിലകത്തും കടവ് മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് ശ്രീ.കെ.എൻ.രാജേന്ദ്രൻ, പ്രസിഡന്റ്, AKDS 514950 രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 2020-21 വർഷം ലേലത്തിൽ പിടിച്ചിരുന്നു. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൾ 171650 രൂപയും ആയതിന്റെ ജി.എസ്.റ്റി തുകയും മാത്രമേ അടവാക്കിയതായി കാണുന്നുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8(2)/12.01.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അടവാക്കുവാൻ ബാക്കിയുള്ള ലേലതുകയായ 343300 രൂപയും (514950-171650) ജി.എസ്.റ്റി തുകയും പിഴപലിശയും ടിയാനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 ലേലത്തിൽ പോകാതെ കടമുറികൾ/ആസ്തികൾ ഒഴിഞ്ഞുകിടക്കുന്നു

വാടക, കുത്തക ലേലം എന്നിവയുടെ രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ/ആസ്തികൾ 20-21വർഷം ലേലത്തിൽ പോയതായി കാണുന്നില്ല.

1. മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്/റസ്റ്റ് ഹൗസ്- റൂം നമ്പർ 10
2. മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് കോംപ്ലക്സ്-റൂം നമ്പർ 8,9,12 19-23, 25,27,28,31-34,42,43,46,47.
3. മുനിസിപ്പൽ വസ്തുക്കളിന്മേലുള്ള മേലാദായം
4. ജംങ്കാർ സർവ്വീസ്
5. ബസ് ബേ കടമുറി
6. ബസ് സ്റ്റാന്റ് ഫീസ് പിരിവ്
7. നഗരസഭ വക വാഴമനയിലുള്ള സ്ഥലത്ത് ഡ്രൈവിംഗ് ടെസ്റ്റിന് ഫീസ്.
8. മുനിസിപ്പൽ ടൗൺഹാൾ.
9. സത്യഗ്രഹ സ്മാരകത്തിലെ 3 മുറികൾ.
10. മുനിസിപ്പൽ പാർക്ക്, ബീച്ച് എൻട്രി ഫീസ്.

മേൽ സൂചിത ആസ്തികളിൽ നിന്ന് ലേലത്തുക/വാടക ഈടാക്കി തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/14.01.22) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദീകരണം

ലഭ്യമാക്കേണ്ടതും മേൽ സൂചിത ആസ്തികൾ സമയബന്ധിതമായി ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭാവിയിൽ നഗരസഭയുടെ ആസ്തികൾ ഒഴിഞ്ഞ് കിടക്കുവാനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-24 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

1994 -ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് പ്രകാരവും 2003 ലെ കേരളാ മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ നഗരസഭയിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നഗരസഭ പ്രദേശത്ത് ജീവിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ നഗരസഭയും ഒരു പ്രമേയം മൂലം നഗരസഭയുടെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. വൈക്കം നഗര സഭയിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിച്ച് നഗരത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ധനസഹായം നൽകാൻ വേണ്ട അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

1-25 ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക ലൈബ്രറി കൗൺസിലിലേക്ക് ഒടുക്കുന്നതിൽ വീഴ്ച

നഗരസഭ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക കേരള സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭക്ക് വൻ തുക ബാദ്ധ്യതയുള്ളതായി കാണുന്നു. നഗരസഭയുടെ 2020-21 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31.03.2021 ൽ ഈയിനത്തിൽ 3514524/- രൂപ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് വർഷങ്ങളിലും (2019-2020, 2020-2021) ഈ ഇനത്തിൽ ലഭിച്ച തുക സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടച്ചിട്ടില്ല . The Kerala Decentralisation Of Powers Act – 2000 ഖണ്ഡിക 35 മുഖേന Kerala Public Libraries (Kerala Grandhasala Sanghom) Act, 1989 ലെ ഖണ്ഡിക 48ന് വരുത്തിയ ഭേദഗതി പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന തുക മൂന്ന് മാസത്തിനുള്ളിൽ ലൈബ്രറി കൗൺസിലിലേക്ക് അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം കാലതാമസത്തിന് 2% നിരക്കിൽ പ്രതിമാസം പിഴ ഒടുക്കേണ്ടതുമാണ്. കൂടാതെ ഇപ്രകാരം പിഴ ഒടുക്കേണ്ടി വരികയാണെങ്കിൽ ആയത് സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കേണ്ടതുമാണെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക അടിയന്തിരമായി അടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 വോട്ടർ പട്ടിക പ്രിന്റിങ്ങ് ചാർജ് നൽകൽ - ഒരേ ബില്ലിന് രണ്ടു പ്രാവശ്യം തുക നൽകി

നഗരസഭയിലെ ഇലക്ഷനുമായി ബന്ധപ്പെട്ട പ്രിന്റിങ്ങ് ജോലികൾ നിർവ്വഹിച്ചത് അക്ഷര ഓഫ്സെറ്റ് പ്രസ് വൈക്കം എന്ന സ്ഥാപനമാണ്. സ്ഥാപനം ഹാജരാക്കിയ താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരമുള്ള

64148 /- രൂപ വൗച്ചർ നമ്പർ 22000402/ തീയതി 30.01.2021 ( ചെക്ക് നമ്പർ 458306 / 25.01.2021 ) പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. .

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | വിവരണം | തുക |
|---|---|---|---|---|
| 1 | 214 | 12.06.2020 | Voter S List (695 X 25x 1.80) - 25 Copy<br>Voters List(358 X 20 X 1.80 )- 20 Copy | 28526 |
| 2 | 296 | 02.11.2020 | Voters List (358 X 10 X 1.80)- 358x10<br>Voters List (398x5x1.80)- 398x5<br>Voters List (398x10x1.80) - 398x10 | 17190 |
| 3 | 269 | 12.10.2020 | Voters List (129x10x1.8)-129x10 Copy<br>Voters List(358x1.80x25)- 358x25 Copy | 18432 |
| 4 | | | ആകെ | 64148 |

ഇതോടൊപ്പം നഗരസഭയിലെ ഇലക്ഷനുമായി ബന്ധപ്പെട്ട വോട്ടർപട്ടിക തയ്യാറാക്കൽ, മറ്റ് ജോലികൾ എന്നിവയ്ക്കായി നഗരസഭാ ക്ലർക്ക് ശ്രീ.കെ.സി. ഷാജിയുടെ പേരിൽ വൗച്ചർ നമ്പർ 22000330 തീയതി 25.12.2020 പ്രകാരം 50000/- രൂപയും വൗച്ചർ നമ്പർ 21900636/30.01.2020 പ്രകാരം 25,000/- രൂപയും അഡ്വാൻസായി നൽകിയിരുന്നു. ടി അഡ്വാൻസ് ക്രമീകരിക്കുന്നതിനും അധികം ചെലവഴിച്ച 4886/- രൂപ അനുവദിക്കുന്നതിനും 30.11.2021ലെ 8-ാം നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ ക്രമീകരണത്തിനായി ഹാജരാക്കിയ ബില്ലുകളിൽ വൗച്ചർ നമ്പർ 22000402 തീയതി 30.01.2021 പ്രകാരം നഗരസഭാ പാസാക്കി നൽകിയ അക്ഷര ഓഫ്സെറ്റ് പ്രിന്റേഴ്സിന്റെ 28526/- രൂപയുടെ 12 06.2020 ലെ 214-ാം നമ്പർ ബില്ലും (തീയതി രേഖപ്പെടുത്താത്തത് ) ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ടി ബിൽ തുക പ്രകാരമുള്ള 28526/- രൂപ രണ്ടു പ്രാവശ്യം സ്ഥാപനത്തിന് നൽകിയതായി കാണുന്നു. അധികമായി നൽകിയ തുക ടി സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-27 പ്രോജക്ട് - നമ്പർ 196/21 - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് - നമ്പർ 196/21 (സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ട്)-

ചെലവ്- 114760 ( വികസന ഫണ്ട് ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ- പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

വൈക്കം മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററുകളായ

വൈക്കത്തപ്പൻ ലോഡ്ജ്, കാലാക്കൽ ലോഡ്ജ്, അമൃത ലോഡ്ജ് എന്നിവിടങ്ങളിൽ ദിവസം മൂന്ന് നേരം ഭക്ഷണം നൽകുന്നതിന് ചാണീസ് ഈറ്റ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം 2020 ജ്യൂൺ മാസം മുതൽ 2020 ഒക്ടോബർ മാസം വരെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററുകളിലേക്ക് ഭക്ഷണം നൽകിയ വകയിൽ എയ്ഞ്ചൽ.ഡി.ചാണി, ലേഖ.എ.പി എന്നിവരുടെ അക്കൗണ്ടുകളിലേക്ക് 114760 രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബില്ലിന്റെ വിശദാംശങ്ങൾ | തുക (രൂപ) | തുക നൽകിയ അക്കൗണ്ട് വിശദാംശങ്ങൾ |
|---|---|---|---|
| 1 | നം 37/21 തീയതി 07/09/20 , 39600 രൂപ | 39600 | അക്കൗണ്ട് നം 6836256857 – IDBI BANK. അക്കൗണ്ട് ഉടമ- ഏഞ്ചൽ ഡി ചാണി. |
| 2 | നം 45/21 തീയതി 09/10/20 , 31880 രൂപ | 31880 | അക്കൗണ്ട് നം 553702010013097 – UNION BANK. അക്കൗണ്ട് ഉടമ- ലേഖ.കെ.പി. |
| 3 | നം 54/21 തീയതി 11/11/20 , 22400 രൂപ | 22400 | |
| 4 | നം 60/21 തീയതി 16/01/21 , 20880 രൂപ | 20880 | |
| | ആകെ | 114760 | |

പ്രസ്തുത പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പരാമർശിത ചെലവുകളെ സാധൂകരിക്കുന്ന സ്ഥാപനത്തിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടില്ല .

2. 23.06.2020 ലെ സപ്ലിമെന്ററി അജണ്ട 1-ാം നമ്പർ തീരുമാന പ്രകാരം ജനകീയ ഹോട്ടൽ നടത്തുന്നതിന് അനുമതി നൽകിയിരിക്കുന്നത് എയ്ഞ്ചൽ ഡി.ചാണി എന്നയാൾക്കാണ്. എന്നാൽ 45/21,54/21, 60/21 ബില്ലുകൾ പ്രകാരം തുക നൽകിയിരിക്കുന്നത് ലേഖ.കെ.പി എന്ന വ്യക്തിക്കാണ്.

3. വൈക്കം നഗര സഭ സെക്രട്ടറിയുടെ 14/08/2020 തീയതിയിലെ H1-4736/2020 നമ്പർ കത്ത് പ്രകാരം എയ്ഞ്ചൽ ഡി ചാണിത്തറ നടത്തുന്ന ജനകീയ ഹോട്ടലിലേയ്ക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിന് വൈക്കം സപ്ലൈകോ ഔട്ട്ലെറ്റ് മാനേജറോട് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കമ്മറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല.

4. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററുകളായ വൈക്കത്തപ്പൻ ലോഡ്ജ്, കാലാക്കൽ ലോഡ്ജ്, അമൃത ലോഡ്ജ് എന്നിവടങ്ങളിൽ ദിവസം മൂന്ന് നേരം ഭക്ഷണം നൽകുന്നതിന് ചാണീസ് ഈറ്റ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത കമ്മറ്റി തീരുമാനം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/17.01.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 114760 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പരാമർശിത രേഖകൾ ഹാജരാക്കേണ്ടതുമാണ്.

### 1-28 നഗരസഭാ ക്രിമറ്റോറിയം - പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കണം

2016-17 സാമ്പത്തിക വർഷം 24 ലക്ഷം രൂപയ്ക്ക് കോസ്റ്റ് ഫോർഡ് സ്ഥാപിച്ച മെഷിനറിയുപയോഗിച്ചാണ് നിലവിൽ ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തിച്ച് വന്നിരുന്നത്. 2019-20 വർഷം ക്രിമറ്റോറിയം മെയിന്റനൻസിനായി ചുവടെ ചേർക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ഇനം | ചെലവ് തുക |
|---|---|---|
| 312/20 | റൂഫിംഗ് പൂർത്തീകരണം | 181019 |
| 290/20 | അറ്റകുറ്റപ്പണി , റൂഫിംഗ് | 1188591 |
| 259/20 | ചുറ്റുമതിൽ നിർമ്മാണം | 166724 |
| | ആകെ | 15,36,334 |

കൂടാതെ ക്രിമറ്റോറിയം നടത്തിപ്പിനായി ഗ്യാസ് വാങ്ങുന്നതിനും പ്രതിവർഷം ഭീമമായ തുക നഗരസഭ ചെലവഴിക്കുന്നുണ്ട്.

2018-19 മുതൽ 20-21 വരെ പ്രതിവർഷം 5% വർദ്ധനവോടുകൂടി (ആദ്യവർഷം 100000 രൂപ ) ക്രിമറ്റോറിയം നടത്തിപ്പ് ലേലം ചെയ്ത് നൽകിയിരുന്നെങ്കിലും 19-20, 20-21 വർഷങ്ങളിൽ ടി ഇനത്തിൽ നഗരസഭയ്ക്ക് യാതൊരു വരവും ലഭ്യമായില്ല. കരാറുകാലയളവ് അവസാനിച്ചിട്ടും നാളിതുവരെ കുടിശ്ശിക തുക കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

4/21 ൽ ജനറേറ്റർ തകരാറുമൂലവും മെഷീൻ കത്തി നശിച്ചതിനാലും ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി. തകരാർ പരിഹരിച്ചതിന് ടെക്നോ റിംഗ് കോർപ്പറേഷൻ എന്ന സ്ഥാപനം 90000 രൂപയും (വാല്യുവേഷൻ പ്രകാരം 75264) ജനറേറ്റർ റിപ്പയർ ചെയ്തതിന് പ്രവീൺ ലൈറ്റ് ആന്റ് സൗണ്ട്സ് എന്ന സ്ഥാപനം 29800 രൂപയും ഡിമാന്റ് ചെയ്യുകയും (ക്വട്ടേഷൻ പ്രകാരം) തുക നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നഗരസഭ നേരിട്ട് ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുകയും വരുമാനമുണ്ടാക്കുകയും ചെയ്തു. എന്നാൽ 8.12.21 ൽ ബ്ലോവർ തകരാറുമൂലം ക്രിമറ്റോറിയം പ്രവർത്തനരഹിതമായതായി ഹെൽത്ത് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടെണ്ടർ ക്ഷണിക്കുകയും ഹൈടെക് ക്രിമറ്റോറിയം, ആലുവ എന്ന സ്ഥാപനം 265618 എന്ന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിന് 12.1.22 ൽ PWD Mechanical Division, മാവേലിക്കരയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. മെയിന്റനൻസ് വർക്കുകൾ ആരംഭിച്ചിട്ടില്ല.

തുടർച്ചയായ തകരാറുകൾ മൂലം ക്രിമറ്റോറിയത്തിന്റെ പ്രവർത്തനത്തിന് വലിയ തുകകൾ ചെലവഴിക്കേണ്ടി വരുന്നു. മെഷിനറിയുടെ കാലപ്പഴക്കം നിർണ്ണയിച്ച് പ്രവർത്തനക്ഷമത പരിശോധിക്കാൻ യാതൊരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 55/21.01.22) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ക്രിമറ്റോറിയം പ്രവർത്തനസജ്ജമാക്കേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-29 വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച റോഡിലെ റീടാറിംഗ് പ്രവൃത്തി - നഗരസഭയ്ക്ക് അധിക സാമ്പത്തികബാധ്യത

| | |
|---|---|
| പ്രോജക്ട് | 158/21 |
| അടങ്കൽ | 373200 |

| | |
|---|---|
| കരാറുകാരൻ | പി.കെ.ഷാജി (നിയുക്ത മുനിസിപ്പൽ എഞ്ചിനീയർ) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ചെലവ് | 373199/-( ബിൽനം-159/13-1-21) |
| അളവുപുസ്തകം | 127/20-21 |

22-ാം വാർഡിൽ വലിയകവല തോട്ടായപ്പള്ളി റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ആവിഷ്കരിച്ച മേൽപ്രോജക്റ്റിന്റെ അംഗീകരിച്ച ഡീറ്റയിൽഡ് എസ്റ്റിമേറ്റ് പ്രകാരം 650 മീറ്റർ നീളമുള്ള ടാർറോഡിൽ 300 മീറ്റർ മുതൽ 450മീറ്റർവരെ നീളം ടാർ ഇളകിയ ഭാഗത്തെ കുഴികൾ അടച്ച് സഞ്ചാരയോഗ്യമാക്കുന്നതിനും ഏകദേശം 178 മീറ്റർ നീളത്തിൽ ഐറിഷ് ഡ്രയിൻ നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ടി റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനായി കേരളവാട്ടർ അതോറിറ്റി റോഡിന്റെ സൈഡ് കുഴിച്ചിട്ടുള്ളതിനാൽ ടി ഭാഗം പുനർനിർമ്മിക്കുന്നതിനുള്ള തുകകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിന് നഗരസഭാ കൗൺസിൽ അനുമതി നൽകിയിട്ടുള്ളതായും തകർന്ന റോഡിന്റെ കൂടുതൽ നീളം അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടതിനാൽ ആദ്യഎസ്റ്റിമേറ്റിലെ ഐറിഷ് ഡ്രയിൻ ഇനം ഒഴിവാക്കി പൈപ്പ് ഇടുന്നതിനെടുത്ത കുഴി ക്വാറിമക്ക് ഉപയോഗിച്ച് ഫിൽ ചെയ്ത് WMM വിരിച്ച് ടാർ ചെയ്യുന്നതിനുള്ള അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുന്നതായും റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം 278മീറ്റർ നീളം വരുന്ന തകർന്നറോഡ്ഭാഗം അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കവിധത്തിൽ പൈപ്പ് സ്ഥാപിച്ച ഭാഗത്ത് റോഡ് പുതുതായി നിർമ്മിക്കുന്നതിനുള്ള അധിക ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടുമുണ്ട്. അളവുപുസ്തകം പരിശോധിച്ചതിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അധിക ഇനങ്ങൾ ചുവടെ ചേർക്കുംപ്രകാരം നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നു.

| ഇനം | എസ്റ്റിമേറ്റളവ് | അളവുപുസ്തകപ്രകാര ചെയ്തത് | നിരക്ക് | ആകെച്ചെലവ് |
|---|---|---|---|---|
| Filling With Quarry Muck.....consilidation By Ramming Etc Complete | 31.275m3 | 31.275m3 | 929.31/m3 | 29064.17 |
| Wet Mix Macadam...... Including Lighting,barricadingand Maitenance Ofdiversion | 31.275m3 | 31.275m3 | 2999/m3 | 93,804.98 |
| Prime Coat........ And Spraying Primer At The Rate Of 0.70-1.0 Kg/sqmusing Mechanical Means | 208.5m2 | 208.5m2 | 55.38/m2 | 11546.73 |

അധിക ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വന്നതിനാൽ ഒറിജിനൽ എസ്റ്റിമേറ്റിലെ ഐറിഷ് ഡ്രയിൻ ഒഴിവാക്കേണ്ടതായും മേൽപ്പറഞ്ഞപ്രകാരം ഏകദേശം ഒന്നരലക്ഷം രൂപയോടടുത്ത് അധികച്ചെലവ് നടത്തേണ്ടതായും വന്നു. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ലഭിക്കുന്നതിനായി ബന്ധപ്പെട്ട ഫയലിൽ

ലഭ്യമല്ലാതിരുന്ന ചുവടെ ചേർക്കുന്ന വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

1)ഏത് പദ്ധതിയുടെ ഭാഗമായിട്ടാണ് വാട്ടർ അതോറിറ്റി നഗരസഭയുടെ അധികാരപരിധിയിലുള്ള റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളതെന്നും ആയതിന് റോഡ് മുറിക്കുന്നതിനുള്ള അനുമതി വാങ്ങിയിരുന്നോയെന്നുമുള്ള വിവരങ്ങൾ

2) വാട്ടർ അതോറിറ്റി സ്വന്തം നിലയിൽ തനതുഫണ്ട് വിനിയോഗിച്ച് നടത്തുന്ന പ്രവൃത്തി ആയിരുന്നോയെന്നും ആണെങ്കിൽ അതോറിറ്റി കരാറുകാരന് റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള തുക കൂടി അനുവദിച്ചിരുന്നോയെന്നും അന്വേഷിച്ചറിഞ്ഞിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ .

3)നഗരസഭയുടെ ഡെപ്പോസിറ്റ് വർക്കിന്റെ ഭാഗമായിട്ടാണോ വാട്ടർ അതോറിറ്റി റോഡ് മുറിച്ചിട്ടുള്ളതെന്നും എങ്കിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ ഡെപ്പോസിറ്റ് തുകയിൽ റോഡ് റസ്റ്റോറേഷൻ ചാർജ് ഉൾപ്പെട്ടിരുന്നോ എന്ന വിവരങ്ങളും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് വിശദാശങ്ങളും.

4) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വാട്ടർ അതോറിറ്റിക്ക് പൊതുറോഡുകൾ മുറിക്കേണ്ടിവരുന്ന സാഹചര്യത്തിൽ നിയമാനുസൃതം ആയത് പൂർവ്വസ്ഥിയിലാക്കേണ്ട ചുമതല അതോറിറ്റിക്കാണെന്നിരിക്കെ നഗരസഭ അതിനായി ഫണ്ട് ചെലവഴിച്ചതിന്റെ കാരണം .

മേൽവിവരങ്ങൾ ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എൻജിനീയർക്ക് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പകരം പ്രസ്തുത എൻക്വയറിക്ക് വാട്ടർ അതോറിറ്റി അസി.എക്സി.എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥന് നൽകിയ വിശദീകരണകുറിപ്പിന്റെ പകർപ്പാണ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വിശദീകരണം ഓഡിറ്റ് അന്വേഷണത്തിനുള്ള തൃപ്തികരമായ വിശദീകരണമായി കണക്കാക്കാനാവില്ല. എം.പി/എം.എൽ.എ.-പ്രാദേശികവികസനഫണ്ട് (ഫ്ലഡ്) വിനിയോഗിച്ച് നഗരസഭാധികൃതരുടെ നിരന്തരമായ ആവശ്യപ്രകാരം നടത്തിയ പ്രവൃത്തിയാണെന്ന് വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നഗരസഭയ്ക്ക് അധികച്ചെലവ് ഉണ്ടായിട്ടില്ല എന്ന് ഉറപ്പുവരുത്തുന്നതിന് രേഖാമൂലമുള്ള കൃത്യവും വസ്തുതാപരവുമായ വിശദീകരണം ഓഡിറ്റിന് ലഭിച്ചിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പൊതുമേഖലാസ്ഥാപനങ്ങൾ നഗരസഭാ നിയന്ത്രണത്തിലുള്ള പൊതുവഴികളിൽ നടത്തുന്ന എല്ലാ സിവിൽ വർക്കുകൾക്കും നഗരസഭയുടെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെന്നും, അതിന്റെ ഭാഗമായി നഗരസഭയുടെ തനതുപ്രവൃത്തികൾക്ക് അധികസാമ്പത്തികബാധ്യത ഉണ്ടാകുന്നില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്. ആയതിലേക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും നഗരസഭാ കൗൺസിലിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-30 നഗരസഭാ ഓഫീസിലേക്ക് ജനറേറ്റർ - നാളിതുവരെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും രേഖാമൂലമുള്ള പ്രവർത്തനാനുമതി ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 266/21 |
| അടങ്കൽ (ഫണ്ട്) | 900000/-(ധനകാര്യക്കമ്മീഷൻ അവാർഡ്) |
| ചെലവ്,ബിൽനമ്പർ | 709495/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | എം.എസ്. ജനറിക് പവർസിസ്റ്റം |
| സാങ്കേതികാനുമതി | 1/DB/general/EE/lsgd/KTM (EE)/ 17-18 Dt. 20-7-18 |

നഗരസഭാ കാര്യാലയത്തിലേക്ക് 200 ലിറ്റർ ഡീസൽ കപ്പാസിറ്റിയുള്ള 50 KVA ഡീസൽ ജനറേറ്റർ

വാങ്ങുന്നതിനായി മേൽപ്രോജക്റ്റ് പ്രകാരം 709495/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറേറ്റർ വാങ്ങി സ്ഥാപിക്കൽ, ചെക്ക് മെഷർമെന്റ്, സൂപ്പർവിഷൻചാർജ് എന്നീയിനങ്ങൾക്കൾപ്പെടെയുള്ള ആകെ ചെലവാണ് പ്രസ്തുത തുക. ടെൻഡർ നടപടികളിലൂടെ എം.എസ് ജനറിക് പവർസിസ്റ്റം എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്കിലുള്ള ( 894130/-) ടെൻഡർ, കൗൺസിലിന്റെ 15-2-19- ലെ 3-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 15.02.2019ൽ സ്ഥാപനവുമായി കരാർ വയ്ക്കുകയും ചെയ്തു. സ്ഥാപനത്തിന്റെ 21-7-19- ലെ G1073നം ഇൻവോയ്സ് അനുസരിച്ചുള്ള തുക സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ജനറേറ്റർ കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന/അനുമതി റിപ്പോർട്ട് ലഭ്യമായിട്ടുള്ളതായി ഫയലിൽ രേഖകളില്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ അനുമതി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും അനുമതിപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ജനറേറ്ററിന്റെ സുഗമവും സുരക്ഷിതവുമായ പ്രവർത്തനം, പൊതുജനങ്ങളുടെ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങളും പ്രവൃത്തികളും പൂർത്തീകരിച്ച് രേഖാമൂലമുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ ജനറേറ്ററിന്റെ ലോഗ്ബുക്ക് കൃത്യമായും സമയബന്ധിതമായും എഴുതി പൂർത്തീകരിക്കേണ്ടതും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-31 കരാർവച്ചതിനുശേഷം വ്യക്തമായ കാരണമില്ലാതെ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നു

2019-20 വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ച് 20-21-ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ച പല പ്രോജക്ടുകളും ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാർ വച്ചതിനുശേഷം ഉപേക്ഷിച്ചതായി പ്രോജക്റ്റ് ഫയലുകളിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ പ്രോജക്ടുകൾ ഉപേക്ഷിക്കാനുള്ള കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | വകയിരുത്തിയ തുക | കരാറുകാരൻ | കരാർ തീയതി |
|---|---|---|---|
| 371/21 സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം | 300000 (തനതുഫണ്ട്) | ഉണ്ണിക്കൃഷ്ണൻ | 13-10-20 |
| 404/21ശാസ്താക്ഷേത്രം റോഡ് ബാക്കിഭാഗം റീടാറിംഗ്, ഐറിഷ് ഡ്രെയിൻ | 150000( മെയിന്റനൻസ് ഗ്രാന്റ്) | സന്ദീപ് എസ് നായർ | 27-10-20 |
| 429/21 എസ്.സി ഹോസ്റ്റൽ മെയിന്റനൻസ് | 297000 (വികസനഫണ്ട്-എസ്.സി.പി) | അജി റ്റി.എം | 15-10-20 |
| 464/21 ടേക്ക് എ ബ്രേക്ക് റെസ്റ്റിംഗ് സെന്റർ അറ്റ് മുനിസിപ്പൽ പാർക്ക് | 200000 | അജി റ്റി.എം | 15-10-20 |

| | | | |
|---|---|---|---|
| 163/21<br>മനയ്ക്കപ്പറമ്പ് റോഡ് ഉയർത്തൽ വാർഡ് -5 | 194000 | സന്ദീപ് എസ് നായർ | 27-10-20 |
| 423/21<br>ദുരിതാശ്വാസ ക്യാമ്പ് നടത്തുന്ന ഗവ.ഗേൾസ് കെട്ടിടത്തിന്റെ മുറികൾ സുരക്ഷിതമാക്കൽ | 200000 | അജി റ്റി.എം | 13-10-20 |
| 11/21<br>മുനിസിപ്പൽ പാർക്ക് നവീകരണം | 147605 | അജി റ്റി.എം | 22-2-21 |
| | | | |

ടെൻഡർ അംഗീകരിച്ചതിനുശേഷം സെലക്ഷൻനോട്ടീസ് നൽകൽ, സെക്യൂരിറ്റി, ഇ.എം.ഡി എന്നിവ അടവാക്കി കരാർവയ്ക്കൽ, വർക്ക് ഓർഡർ നൽകൽ, സ്ഥലം കൈമാറൽ തുടങ്ങി പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപുള്ള നിയമാനുസൃത നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ചതിനുശേഷം പ്രോജക്റ്റ് ഉപേക്ഷിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പ്രോജക്റ്റ് ആസൂത്രണം മുതൽ നിർവ്വഹണഘട്ടം വരെ വിവിധ തലങ്ങളിൽ ഉപയോഗിക്കേണ്ടിവരുന്ന മനുഷ്യപ്രയത്നവും സ്റ്റേഷനറി ഉൾപ്പെടെയുള്ള അനുബന്ധ ചെലവുകളും പാഴാകുന്ന സാഹചര്യമാണുള്ളത്. വാർഡുസഭാ നിർദ്ദേശങ്ങൾ പരിഗണിച്ചും പ്രോജക്റ്റുകളുടെ അനിവാര്യതയും ആവശ്യകതയും ശരിയായി വിലയിരുത്തിയും പ്രവൃത്തിസ്ഥലം സന്ദർശിച്ച് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന രീതി പ്രയോഗത്തിൽ വരുത്തിയും നിർവ്വഹണഘട്ടത്തിൽ പ്രോജക്റ്റുകൾ ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

## 1-32 നിയമാനുസൃത സമയപരിധിക്കകം കരാറിലേർപ്പെടാത്തതിന് പിഴ ഈടാക്കിയില്ല

പൊതുമരാമത്ത് മാനുവൽ ഖണ്ഡിക 2009-6 അനുസരിച്ച് സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കരാർ വച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ചമയ്ക്കാവുന്നതാണ്. എന്നാൽ 20-21 വർഷം നടപ്പാക്കിയ കിളിയന്തറ റോഡിൽ ഡ്രെയിൻപൂർത്തീകരണം എന്ന പ്രോജക്റ്റിന് യഥാസമയം കരാർ വയ്ക്കാതിരുന്നിട്ടും കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | കരാർ തുക | 1% പിഴ |
|---|---|---|---|---|---|
| 356/21 | കൃഷ്ണകുമാർ | 25-1-20 | 30-3-20 | 284000 | 2840 |

അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിലടവാക്കേണ്ടതാണ്.

## 1-33 കുടിവെള്ളലൈൻ ദീർഘിപ്പിക്കൽ - പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ചെലവുതുകയുടെ വിനിയോഗവിവരങ്ങളും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 380/21 |
| അടങ്കൽ | 1605000 (ധനകാര്യക്കമ്മീഷൻ അവാർഡ് തുക) |
| ചെലവ് | 1605000 (ബിൽ നം-180/20-2-21) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാർ നമ്പർ | 1/21 തീയതി 12-2-21 |

നഗരസഭയുടെ 26 വാർഡുകളിലേയും വിവിധ റോഡുകളിൽ കുടിവെള്ളലൈൻ ദീർഘിപ്പിക്കലിനായി വാട്ടർ അതോറിറ്റി അസി.എൻജിനീയർ വൈക്കത്തിന്റെ 24-9-20-ലെ DB4-48/17-18 Vol 111 നം. എസ്റ്റിമേറ്റ് പ്രകാരമുള്ള 1605000/-രൂപ അതോറിറ്റി,വൈക്കം ഡിവിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. സ്ഥാപനവുമായി കരാർവച്ചിട്ടുണ്ടെങ്കിലും കൈമാറിയ തുകയുടെ വിനിയോഗവിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണവിവരവും ഫയലിൽ ലഭ്യമായിട്ടില്ല. പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങൾ അഥവാ നിലവിലെ സ്ഥിതിവിവരങ്ങൾ, ചെലവഴിച്ചിട്ടുള്ള തുകയുടെ വിനിയോഗസാക്ഷ്യപത്രം (വിശദാംശങ്ങൾ സഹിതം) എന്നിവ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ പ്രോജക്ടിനായുള്ള 1605000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 കരാറുകാരന്റെ ബില്ലിൽ നിന്നും ജി.എസ്.റ്റി കുറവുചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് | 340/21 ചന്ദനപ്പറം റോഡ് അവസാനഭാഗം റീടാറിംഗ് |
| കരാറുകാരൻ | എൻ.തങ്കപ്പൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ചെലവ് | 41,244 (റോഡ് സംരക്ഷണ ഗ്രാന്റ്) |
| ബിൽ നമ്പർ | 87/10-6-20 |

മേൽപ്രോജക്ടിന്റെ അളവുപുസ്തകപ്രകാരമുള്ള ആകെ മൂല്യത്തോടൊപ്പം ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ വേലമൂല്യത്തിന്റെ 12% രൂപ കൂടി കരാറുകാരന് അനുവദിച്ചിരുന്നു. 2.5 ലക്ഷത്തിൽ താഴെ പ്രോജക്ട് കോസ്റ്റ് വരുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ ജിഎസ്റ്റി ഈടാക്കേണ്ടതില്ലെങ്കിലും ടി പ്രവൃത്തിയുടെ വേലമൂല്യത്തോടൊപ്പം കരാറുകാരന് 12% ജിഎസ്റ്റി കോമ്പൻസേഷൻ അനുവദിച്ച് നൽകിയിരുന്നു. പ്രസ്തുത സാഹചര്യത്തിൽ കരാറുകാരന്റെ ബില്ലിൽനിന്നും 2% ജിഎസ്റ്റി വിഹിതം കുറവു ചെയ്യണമെന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കണക്കാക്കേണ്ടത് | കണക്കാക്കിയത് |
|---|---:|---:|
| വേലമൂല്യം | 36825 | 36825 |
| +12% ജി.എസ്.റ്റി | 4419 | 4419 |
| | 41244 | 41244 |
| റിക്കവറികൾ | ഐറ്റി1% - 368<br>ക്ഷേമനിധിവിഹിതം -<br>(364+ 4) | ഐറ്റി - 412<br>ക്ഷേമനിധി -<br>408+4 |

| | | |
|---|---|---|
| | സി.ജി.എസ്.റ്റി - 368<br>എസ് ജി എസ്റ്റി - 368<br>ബാരൽവില (3* 238 + 18%) -843<br>ആകെ -2315<br>2315 | ആകെ - 824 |
| | 38929 | 40420 |
| അധികം അനുവദിച്ചത് | 40420 - 38929 = 1491 | |

കരാറുകാരൻ പ്രസ്തുത വേലയുടെ ജിഎസ്ടി അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തപക്ഷം ബില്ലിൽ നിന്നും 2% തുക ഈടാക്കി (എസ്ജിഎസ്റ്റി 1% + ജിഎസ്റ്റി 1%) നിശ്ചിത ശീർഷകത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്.

1-35 പ്രവൃത്തി നടപ്പാക്കുന്നതിനു മുൻപ് ഇ.എം.ഡി/സെക്യൂരിറ്റി നിക്ഷേപ സർട്ടിഫിക്കറ്റുകൾ കരാറുകാരന് തിരികെ നൽകി-

| | |
|---|---|
| പ്രോജക്ട് | 373/21<br>സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം |
| വകയിരുത്തൽ | 300000/-(തനതുഫണ്ട്) |
| കരാറുകാരൻ | ഉണ്ണികൃഷ്ണൻ |

2019-20 വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ചതും 2020-21-ൽ സ്പിൽ ഓവറായി അംഗീകാരം ലഭിച്ചതുമായ സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവ്വഹണ നടപടികളുടെ ഭാഗമായി ടെൻഡർ നടപടികൾ സ്വീകരിക്കുകയും (ടെൻഡർ തീയതി (04.09.2020) കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) രേഖപ്പെടുത്തിയ ശ്രീ.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരനുമായി 13-10-20-ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. ഫയലിലെ രേഖകൾപ്രകാരം അതേ തീയതിയിൽത്തന്നെ കരാറുകാരന് പ്രവൃത്തിസ്ഥലം കൈമാറിയിട്ടുമുണ്ട്. എന്നാൽപ്രവൃത്തി തൻവർഷം നടപ്പാക്കിയിട്ടില്ല. ചില സാങ്കേതികകാരണങ്ങളാൽ പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ല എന്ന് 18-2-21-ൽ കരാറുകാരൻ അറിയിച്ചതായും ഇ.എം.ഡി തിരികെ നൽകാൻ അപേക്ഷ നൽകിയിട്ടുള്ളതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നിർവ്വഹണത്തിന് തടസ്സമായി നിൽക്കുന്ന സാങ്കേതിക കാരണമെന്തെന്ന് ഫയലിൽ വ്യക്തമാക്കുകയോ പ്രവൃത്തിചെയ്യാൻ സാധിക്കുകയില്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുള്ളതായോ രേഖകളില്ല. ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപം ഇനങ്ങളിലായി കരാറുകാരൻ ഹാജരാക്കിയിരുന്ന FD രസീതുകൾ 23-2-21-ൽ കരാറുകാരന് തിരികെ നൽകിയിട്ടുമുണ്ട്. എന്നാൽ 21-22 വർഷം പ്രസ്തുത പ്രവൃത്തി സ്പിൽ ഓവറായി ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങിയിട്ടുള്ളതായി കാണുന്നു. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇ.എം.ഡി, സെക്യൂരിറ്റി നിക്ഷേപമിനത്തിൽ അടവാക്കിയിരുന്ന തുക കരാറുകാരന് തിരികെ നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം. 18/16.01.2022) ലഭ്യമാക്കിയ മറുപടി കൃത്യമല്ല.

ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന പ്രവൃത്തി 2017-18 കാലഘട്ടത്തിൽ Pw1322/17-18 പ്രകാരം ടെൻഡർ ചെയ്തതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞനിരക്ക് (6.33% കുറവ്) രേഖപ്പെടുത്തിയ അജി റ്റി.എം. എന്ന കരാറുകാരന്റെ ടെൻഡർ 26-2-18-ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിച്ച് ടിയാനുമായി എഗ്രിമെന്റ് വച്ചിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. ടി പ്രവൃത്തി 20-21 വർഷം ടെൻഡർ ചെയ്ത് കരാറുകാരനെക്കൊണ്ട് എഗ്രിമെന്റ് വച്ചപ്പോഴാണ് മുൻപ് എഗ്രിമെന്റ് വച്ച പ്രവൃത്തിയാണെന്ന് അറിയാൻ കഴിഞ്ഞതെന്നും ആയതിനാൽ പുതിയ പ്രവൃത്തി ക്യാൻസൽ ചെയ്ത് ഇ.എം.ഡി തിരികെ നൽകിയതാണെന്നും മറുപടിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഫയൽ പരിശോധിക്കാതെ തികച്ചും ലാഘവബുദ്ധിയോടെ തെറ്റായ കാര്യങ്ങളാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്.

2019-20 വാർഷികപദ്ധതിയിൽ ആവിഷ്ക്കരിച്ച പ്രസ്തുത പ്രോജക്ട് 20-21ൽ സ്പിൽ ഓവറായി തുടരുകയുമായിരുന്നു.

എന്നാൽ തൻവർഷവും പ്രോജക്ട് നടപ്പാക്കാതിരുന്നതിനാൽ 21-22ൽ 222/21-22 എന്ന നമ്പരിൽ വീണ്ടും സ്പിൽ ഓവറായി പ്രോജക്ടിന് അംഗീകാരം വാങ്ങിയിട്ടുമുണ്ട്. മാത്രമല്ല പ്രോജക്ട് ഫയലിൽ ഒരു സ്ഥലത്തും പ്രവൃത്തി ഉപേക്ഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുമില്ല.

മേൽസാഹചര്യത്തിൽ നിർവ്വഹണനടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ തന്നെ കരാറുകാരന് സെക്യൂരിറ്റി തുക തിരികെ നൽകിയതും ഈ വിഷയവുമായി ബന്ധപ്പെട്ട് വസ്തുതാപരമല്ലാത്ത വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയതും തികച്ചും തെറ്റായ നടപടിയാണ്. ആയതിനാൽ ഇത് സംബന്ധിച്ച് കൃത്യമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന വിവരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-36 സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ചെലവുമിച്ചം വന്ന 15136/- രൂപ നിർവ്വഹണഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് | 321/21 ( 209/20)<br>20-ാം വാർഡിൽ വിവിധ ഭാഗങ്ങളിൽ സോളാർലൈറ്റുകൾ സ്ഥാപിക്കുന്നത് |
| അടങ്കൽ | 487300 (സിഎഫ് സി അവാർഡ് തുക) |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ബിൽ നമ്പർ | 121/7-11-20 |
| | |

നഗരസഭയുടെ 20-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അക്രഡിറ്റഡ് ഏജൻസിയായ അനർട്ട് മുഖേന നിക്ഷേപപ്രവൃത്തിയായി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി 29-9-20-ൽ കരാർ വയ്ക്കുകയും ചെയ്തു (കരാർ നമ്പർ- 17/20-21 Dt 24-9-20) പ്രവൃത്തി നിർവ്വഹണത്തിനായി ആകെ 4,87,300/- രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിരുന്നു. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ അനർട്ട് സ്ഥാപിച്ചിട്ടുള്ളതായി കാണുന്നു.

| മോഡൽ | എണ്ണം | നിരക്ക് (ടാക്സ് ഉൾപ്പെടെ) | ആകെത്തുക |
|---|---|---|---|
| 20w Anert Model | 2 | 42980 | 85,960 |
| 8w ,, | 12 | 23100 | 2,77,200 |
| | | ആകെ | 363100 |
| | + 10% Service Charge 36316 | | |
| ആകെത്തുക | | | 399476 |

നിക്ഷേപത്തുകയിൽ 87824/- രൂപ ബാക്കിയുള്ളതിനാൽ 2 ലൈറ്റുകൾ കൂടി സ്ഥാപിക്കാവുന്നതാണെന്ന് സ്ഥാപനം അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് 20 വോൾട്ടിന്റേയും 8 വോൾട്ടിന്റേയും ഓരോ ലൈറ്റുകൾവീതം ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി സാക്ഷ്യപത്രം സമർപ്പിക്കുകയും ചെയ്തു.

1)SNV ഹൗസിലേക്കുള്ള വഴിയിൽ വലതുവശം പോസ്റ്റിന്റെ 3 മീറ്റർ മാറി - 20w 1 എണ്ണം

2)തെക്കേപുത്തൻതറ വീടിന്റെ ഗേറ്റിൽനിന്ന് 2മീറ്റർ മാറി വീടിന്റെ വലതുവശം- 8w 1എണ്ണം

മേൽപ്പറഞ്ഞപ്രകാരം 2 ലൈറ്റുകൾകൂടി സ്ഥാപിച്ച ഇനത്തിൽ ആകെ 72688/-രൂപയേ വന്നിട്ടുള്ളൂ {(42980+ 23100) + 10% S.c)} എന്നതിനാൽ 20wന്റെ 3 എണ്ണവും 8wന്റെ 13 എണ്ണവും വീതം ആകെ 16

ലൈറ്റുകൾ സ്ഥാപിച്ച ഇനത്തിൽ അനർട്ടിന് ചെലവായ ആകെത്തുക 4,72,164/-രൂപയാണ്. ആയതിനാൽ നിക്ഷേപത്തുകയിൽ ബാക്കിയുള്ള 15136/- രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ, പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ്ഗ്രൂപ്പ് അഥവാ മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട്, ലൈറ്റുകൾ നഗരസഭയുടെ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം തുടങ്ങി ഫയലിൽ ലഭ്യമല്ലാതിരുന്ന പദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായ രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.45/20.01.2022) നൽകിയിരുന്നുവെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ സ്ഥാപനത്തിന് അധികമായി നൽകിയിട്ടുള്ള തുക തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതും ചൂണ്ടിക്കാണിച്ചിട്ടുള്ള മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-37 വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് - നമ്പർ – 212 / 21സമഗ്ര ആരോഗ്യ പരിപാലന പദ്ധതി

ചെലവ് - 1092960 (വികസന ഫണ്ട് ജനറൽ)

പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ട് മുഖാന്തിരം മാറിയിരിക്കുന്ന താഴെ പറയുന്ന ബില്ലുകൾ മാറിയിട്ടുള്ളതായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബില്ലുകൾ, തുക കൈപ്പറ്റിയവരുടെ വിവരങ്ങൾ, ചെലവുകൾ സാധൂകരിക്കുന്ന വൗച്ചറുകൾ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബില്ലിന്റെ വിശദാംശങ്ങൾ |
|---|---|
| 1 | ബിൽ നമ്പർ 15/21 തീയതി 16.06.20 തുക 293040 രൂപ |
| 2 | ബിൽ നമ്പർ 31/21 തീയതി 12.08.20 തുക 208560 രൂപ |
| | ആകെ 501600 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/17.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 501600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പരാമർശിത രേഖകൾ ഹാജരാക്കേണ്ടതാണ്.

1-38 റോഡ് ടാറിംഗ് പ്രവൃത്തികൾ -ബാരൽവില ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച്

ടാറിംഗ് പ്രവൃത്തികളിൽ പ്രവൃത്തിക്ക് ഉപയോഗിച്ച ടാർബാരലുകളുടെ വിലയും ആയതിന്റെ ജി.എസ്.റ്റി. യും ഉൾപ്പെടുന്ന തുക കരാറുകാരന്റെ ബില്ലിൽനിന്നും കുറവുചെയ്യേണ്ടതും അതാത് ഫണ്ട് ശീർഷകങ്ങളിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ കാലിബാരലുകളുടെ വില ഇപ്രകാരം കുറവുചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികതുക നൽകാനിടയായി .

| ക്രമ.നം | പ്രോജക്ട് | കരാറുകാരൻ | ആകെ ചെലവ്, ബിൽ നം. | ബാരലിന്റെ എണ്ണം/ ഈടാക്കേണ്ട തുക (@238+18% ജി.എസ്.ടി) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 161/21<br>ബറിയൽ ഗ്രൗണ്ട് റോഡ് റീടാറിംഗ് | സിബിരാജ് സി മാത്യു | 396202 | 7<br>1666 + 300 |
| 2 | 160/21<br>കവിയിൽമഠം റോഡ്റീടാറിംഗ് | തങ്കപ്പൻ എൻ | 490792<br>/ 29-3-72 | 9<br>2142+ 386 |
| 3 | 241/21<br>ചുള്ളിത്തറ റോഡ് ബാക്കിഭാഗം മെയിന്റനൻസ് | തങ്കപ്പൻ, തലവടിച്ചിറ | 164889<br>177/12-2-21 | 9<br>2142+ 386 |
| 4 | 340/21<br>ചന്ദനപ്പറം റോഡ് അവസാനഭാഗം റീടാറിംഗ് | എൻ.തങ്കപ്പൻ | 41244<br>87/10-6-20 | 3<br>714+ 129 |
| 5 | 206/21<br>കപ്പോളച്ചിറ കോളനിറോഡ് റീടാറിംഗ് | എൻ.തങ്കപ്പൻ | 94852<br>176/12-2-21 | 7<br>1666+ 300 |
| 6 | 128/21<br>ബറിയൽ ഗ്രൗണ്ട് റീടാറിംഗ് | റ്റി.വി.മനോജ് | 100000/-( 30-3-20)<br>49442/-( 22-5-20 | 8<br>1904+ 343 |
| 7 | 115/21<br>മൂത്തേടത്ത് റോഡ് റീടാറിംഗ് & പ്രൊട്ടക്ഷൻ വാൾനിർമ്മാണം | എൻ.തങ്കപ്പൻ | 69000/-<br>(86/10-6-20)<br>303675<br>(102/19-8-20)<br>372675/- | 10<br>2389+ 428 |

മേൽപ്പറഞ്ഞപ്രകാരം ബില്ലിൽനിന്നും കാലിവീപ്പകളുടെ വിലയും ജിഎസ്റ്റിയും ഉൾപ്പെടെയുള്ള തുക ബില്ലിൽനിന്നും കുറവുചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികതുക നൽകുന്നതിനിടയായിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് കരാറുകാരിൽനിന്നും ബാരൽവില ഈടാക്കി തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കി അതാത് ഫണ്ട് ശീർഷകത്തിൽ തിരിച്ചടയ്ക്കേണ്ടതാണ്.

1-39 കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പാർട്ട് ബില്ലിനൊപ്പം റിടെൻഷൻ തുക പിൻവലിക്കുന്നില്ല

ജി.ഒ.(പി) നം. 429/15/ഫിൻ തീയതി 28-9-2015 പ്രകാരം മരാമത്തുവേലകളുടെ പാർട്ട്ബില്ലുകൾ നൽകുമ്പോൾ കരാറുകാരനിൽ നിന്നും 2.5% റിടെൻഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കേണ്ടതാണ്. ഫൈനൽ ബിൽ തുകയ്ക്കൊപ്പം ആയത് പിൻവലിച്ച് കരാറുകാരന് അനുവദിക്കാവുന്നതുമാണ്. എന്നാൽ 2019-20 ,20-21 വാർഷികപദ്ധതികളിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പാർട്ട് ബില്ലിൽ കണക്കാക്കിയ റിടെൻഷൻ കിഴിച്ചുള്ള തുക മാത്രമേ ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുള്ളൂ എന്ന് കാണുന്നു. അതേവർഷംതന്നെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽബിൽ ആകാത്ത സാഹചര്യങ്ങളിൽ തുക ലാപ്സാകുകയും അടുത്ത വർഷത്തെ ബില്ലിൽ റിടെൻഷൻ ഉൾപ്പെടെയുള്ള തുക പിൻവലിക്കേണ്ടതായും വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പാർട്ട്ബിൽ പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് (ജിഎസ്റ്റി ഉൾപ്പെടെയുള്ളത്) | റിടെൻഷൻ കണക്കാക്കിയത് | പാർട്ട്ബിൽ പ്രകാരം പിൻവലിച്ച തുക | ബിൽനമ്പർ | റിമാർക്ക്സ് |
|---|---|---|---|---|---|
| 106/21 അങ്കണവാടികളുടെ മെയിന്റനൻസ് | 1,37,644 | 3441 | 134205 | 133/17-11-20 | |
| 161/21 ബറിയൽഗ്രൗണ്ട് റോഡ് റീടാറിംഗ് | 405248 | 9046 | 396202 | 258/31-3-21 | |
| 94/21 മുനിസിപ്പൽ ഓഫീസ് ശതാബ്ദി സ്മാരകമാക്കി ആധുനിക വൽക്കരണം | 993631 (1-ാം പാർട്ട്ബിൽ) | 24841 | 968790 | | |
| ,, | 150833.24 (2-ാം പാർട്ട്ബിൽ) | 3771 | 147062 | | |
| 309/21 ജവഹർറോഡ് കൊച്ചുപാലയ്ക്കൽ കലുങ്ക് മുതൽ മുരിയൻകുളങ്ങര ചേരിൻചുവട് റോഡുവരെ റീടാറിംഗ് | 225659.77 | 5035.79 | 220568 | 107/26-8-20 | റിടെൻഷൻ കണക്കാക്കിയത് കൃത്യമല്ല. |
| 237/21 | 4,33,846.04 | 10846 | 423000 | 230/29-3-21 | |

| | | | | | |
|---|---|---|---|---|---|
| ചീപ്പുങ്കൽ റോഡ് ബാക്കിഭാഗം ഓടനിർമ്മാണം | | | | | |
| 276/21 ബീച്ച് ബാക്കിഭാഗം നവീകരണം | 850581 | 21255 | 829326 | 227/27-3-21 | റിടെൻഷൻ കണക്കാക്കിയത് കൃത്യമല്ല. |
| 296/21 എ.കെ.ജി. റോഡിൽ ഇരവുചിറ തോടിനുകുറുകെ കലുങ്ക് നിർമ്മാണം | 301524 | 7238 | 297024 | 247/30-3-21 | റിടെൻഷൻ കണക്കാക്കിയത് കൃത്യമല്ല. |
| 358/21 കൊല്ലന്റിടവഴി റോഡ് റീടാറിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 148782 | 3571 | 145211 | 10-11-20 | റിടെൻഷൻ കണക്കാക്കിയത് കൃത്യമല്ല. |

അപാകത ശ്രദ്ധയിൽപ്പെടുത്തി രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് (എൻക്വയറി നമ്പർ 20/16.01.2022) ഭാവിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകൾ വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ പാർട്ട്ബില്ലിൽ റിടെൻഷൻ ഇനത്തിൽ കണക്കാക്കുന്ന തുകയുൾപ്പെടെ ട്രഷറിയിൽനിന്നും പിൻവലിക്കേണ്ടതും റിടെൻഷൻ തുക തനതുഫണ്ടിൽ സൂക്ഷിക്കാവുന്നതും ഫൈനൽ ബില്ലിനൊപ്പം ആയത് പിൻവലിച്ച് കരാറുകാരന് അനുവദിക്കാവുന്നതുമാണ്.

1-40 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ

2020-21 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പാലിയേറ്റീവ് കെയർ പദ്ധതിയിലുൾപ്പെടുത്തി (പ്രോജക്ട് നം.202/21) വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് താഴെ പറയുന്ന ബില്ലുകൾ പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമനം. | ബിൽ നം. | തുക |
|---|---|---|
| 1 | 10/20-21/15.09.20 | 24640 |
| 2 | 25/20-21/24.02.21 | 5133 |
| 3 | 26/20-21/17.03.21 | 24640 |
| 4 | 27/20-21/17.03.21 | 18019 |
| 5 | 29/20-21/17.03.21 | 33289 |
| 6 | 33/20-21/17.03.21 | 26376 |
| | ആകെ | 132097 |

മേൽ വാങ്ങലുകൾ പൈറക്സ് ഡയഗനോസ്റ്റിക്സ്, ആർപ്പൂക്കര ഈസ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും

ക്വട്ടേഷൻ ഒഴിവാക്കി നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമല്ലായെന്നുള്ള Non-Availability Certificate ഫയയിൽ ലഭ്യമല്ല. സ.ഉ(കൈ)നം22/2018/ത.സ്വ.ഭ.വ തീ.14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ നഗരസഭകളിലെ 5000 രൂപ മുതൽ 50000 രൂപവരെ മതിപ്പുവിലയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞത് 3 ക്വട്ടേഷൻ ലഭ്യമാകേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ മതിപ്പ് വില 50000 രൂപയിൽ കൂടുതൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം ലിമിറ്റഡ് ടെണ്ടർ നടപടികളിലൂടെയായിരിക്കണം എന്നും ആയത് 1 ലക്ഷം രൂപയിൽ കൂടുതൽ ആയാൽ ഓപ്പൺ ടെണ്ടർ നടപടികളിലൂടെയായിരിക്കണം വാങ്ങൽ പ്രക്രിയ എന്നും വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തണമെന്നും അതനുസരിച്ച് സമാഹരണ നടപടികൾ സ്വീകരിക്കണമെന്നും അനുശാസിക്കുന്നു. കൂടാതെ ജി.ഒ.(പി) നം.03/2013/എസ്.പി.ഡി/21.06.2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 2.3 അനുസരിച്ച് ആകെയുള്ള ആവശ്യകതയെ പലതായി വിഭജിച്ച് വാങ്ങൽ പ്രക്രിയകൾ നടത്തുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ ഇപ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് നടത്തി ടെണ്ടർ മുഖേന വാങ്ങൽ നടത്തുന്നതിന് പകരം ഒരു ലക്ഷം രൂപയിൽ താഴെ ചെലവ് വരുന്ന രീതിയിൽ വിഭജിച്ച് വാങ്ങൽ പ്രക്രിയ നടത്തിയതിനും ആയതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/19.01.21) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ടെണ്ടർ പ്രക്രിയ ഒഴിവാക്കുന്നത് മൂലം മത്സര സ്വഭാവം കുറയുന്നതിനും ടെണ്ടർ ഫോറം വിലയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനവും ജി.എസ്.റ്റി. ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനവും നഷ്ടമാകുന്നതിനും കാരണമാകുന്നുണ്ട്. മേൽ പരാമർശിച്ച അപാകതകളാൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 132097 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിലെ വാങ്ങൽ പ്രക്രിയകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെയും സ്റ്റോർ പർച്ചേസ് മാന്വലിലേയും നിബന്ധനകൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-41 ആശ്രയ പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പദ്ധതി - നം- 260/21 ആശ്രയ പദ്ധതി

ചെലവ്- 210000 (വികസന ഫണ്ട് ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് ഓഫീസർ, ദാരിദ്ര നിർമ്മാർജ്ജന സെൽ

പ്രസ്തുത പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ പ്രോജക്ട് പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ 7 ഗുണഭോക്താക്കളിൽ താഴെ കൊടുത്തിരിക്കുന്നവർ വീട് പണി പൂർത്തിയാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | പദ്മിനി മോഹനൻ | 15000 | നം 21/21 തീയതി 25.06.20 തുക 120000 രൂപ |
| 2 | തങ്കമ്മ | 15000 | |
| | ആകെ | 30000 | |

മേൽ നിരീക്ഷണത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/21.01.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

1-42 റെഗുലർ / കണ്ടിജന്റ് പെൻഷൻ ഫണ്ട്

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജന്റ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയൽ പ്രകാരം (ഫയൽ നം. G1-41/17) നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും അടയ്ക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് കൃത്യമായി അലോട്ട്മെന്റുകൾ ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത്.

| | റഗുലർ വിഭാഗം | കണ്ടിജന്റ് വിഭാഗം |
|---|---|---|
| സർവ്വീസ് പെൻഷൻകാരുടെ എണ്ണം | 25 | 24 |
| കുടുംബപെൻഷൻകാരുടെ എണ്ണം | 11 | 9 |
| 2020-21 വർഷം സർവ്വീസ് പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 55,41,855 | 37,57,911 |
| 2020-21 വർഷം കുടുംബ പെൻഷൻ വിതരണത്തിന് വേണ്ടി ചെലവഴിച്ച തുക. | 1567008 | *975000* |
| 2020-21 വർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ / മുൻസിപ്പൽപെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക. | 0 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും തൻ വർഷം ലഭിച്ച അലോട്ട്മെന്റ്. | 1589874 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിലേക്ക് ഒടുക്കാൻ അവശേഷിക്കുന്ന തുക. | 8456277 | *0* |
| സെൻട്രൽ പെൻഷൻ/മുൻസിപ്പൽ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന തുക | 1,88,09,620 | 0 |
| നഗരസഭയിലെ പെൻഷൻഫണ്ട് അക്കൗണ്ട് നമ്പർ | TP-140 | TP-124 |

പെൻഷൻ വിതരണം - നഗരസഭയ്ക്ക് ബാദ്ധ്യത

2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ

കോൺട്രിബ്യൂഷൻ പൂർണ്ണമായും സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായും മുൻസിപ്പൽ പെൻഷൻ ഫണ്ടിലും അടവാക്കുന്നില്ല. 1997-ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11 വർഷം മുതൽ കുടിശ്ശിക തുക ലഭിക്കാനുണ്ട്. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് സാമ്പത്തിക ബാദ്ധ്യതയ്ക്ക് വഴിതെളിക്കും.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് പൂർണ്ണമായും ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-43 സ്വച്ച് ഭാരത് മിഷൻ- അവലോകനം

നഗര പ്രദേശങ്ങളിൽ വീടുകളിലും പൊതുസ്ഥലങ്ങളിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും വേണ്ടി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പഞ്ചവത്സര പദ്ധതിയാണ് സ്വച്ച് ഭാരത് മിഷൻ. സ്വച്ച് ഭാരത് മിഷ നുവേണ്ടി ഐ സി ഐ സി ബാങ്കിൽ കറന്റ് അക്കൗണ്ടും (A/c No-117105000389) സേവിങ്ങ്സ് അക്കൗണ്ടും (A/c No-1171000589) ആരംഭിച്ചിട്ടുണ്ട്. 2019-20 വർഷം അക്കൗണ്ടിൽ നിന്ന് 52 ഗുണഭോക്താക്കൾക്കും 2020-21 വർഷം 181 ഗുണഭോക്താക്കൾക്കും ശൗചാലയം നിർമ്മിക്കുന്നതിന് ഒരു ഗുണഭോക്താവിന് 6667/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. 2020-21 വർഷം ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 51 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റിന് 10500 രൂപ നിരക്കിൽ ആകെ 535500 രൂപ ചെലവഴിച്ചതായും കാണുന്നു. 2020-21 വർഷം ശുചിത്വമിഷൻ വിഹിതമായി 1120056 രൂപ ലഭ്യമായിട്ടുണ്ട്. 31.12.2021 ൽ കറന്റ് അക്കൗണ്ടിൽ (A/c No-117105000389) 2183198/-രൂപയും സേവിങ്ങ്സ് അക്കൗണ്ടിൽ (A/c No-1171000589) 407397/-രൂപയും ശേഷിക്കുന്നുണ്ട്. നിലവിൽ അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുക ഏതെങ്കിലും പദ്ധതിക്കുവേണ്ടി ചെലവഴിക്കാനുള്ളതാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/20.01.22) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക പദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ഉചിതമായ ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-44 ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) - അവലോകനം

നഗര പ്രദേശങ്ങളിലെ ദരിദ്രരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ ലഘൂകരണത്തിനും വേണ്ടി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന മിഷൻ. ഫണ്ടിന്റെ സഹായത്തോടെ സ്വയം തൊഴിൽ സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, നൈപുണ്യ പദ്ധതി പ്രകാരം അപേക്ഷകരെ തെരെഞ്ഞെടുത്ത് തൊഴിൽ പരിശീലനം നൽകി സ്വയംപര്യാപ്തമാക്കുന്നതിനും തുക ചെലവഴിക്കുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിൽ ലഭ്യമായതും ചെലവഴിച്ചതുമായ എൻ.യു.എൽ.എം ഗ്രാന്റ് തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2019-20 |
| --- |

| ക്രമനം. | ഇനം | ലഭിച്ച തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | എസ്.എച്ച് ഗ്രൂപ്പുകൾക്കും എ.ഡി.എസ്സിനും റിവോൾവിംഗ് ഫണ്ട് | 960000 | 960000 പിൻവലിച്ച് സി.ഡി.എസ്സ് അക്കൗണ്ടിലേക്ക് നൽകി.തൻവർഷം ചെലവഴിച്ചില്ല. |
| 2 | നൈപുണ്യപരിശീലനം | 172630 | തൻവർഷം ചെലവഴിച്ചില്ല.113782 രൂപ 2020-21 ൽ ചെലവഴിച്ചിട്ടുണ്ട്. |
| 3 | എച്ച്.ആർ.ഫണ്ട് ജീവനക്കാരുടെ ശമ്പളം | 753185 | തൻവർഷം ചെലവഴിച്ചു. |
| 2020-21 | | | |
| 4 | എസ്.എച്ച് ഗ്രൂപ്പുകൾക്കും എ.ഡി.എസ്സിനും റിവോൾവിംഗ് ഫണ്ട് | 250000 | 250000 പിൻവലിച്ച് സി.ഡി.എസ്സ് അക്കൗണ്ടിലേക്ക് നൽകി.തൻവർഷം ചെലവഴിച്ചില്ല.200000 രൂപ തൻ വർഷം ചെലവഴിട്ടു |
| 5 | എച്ച്.ആർ.ഫണ്ട് ജീവനക്കാരുടെ ശമ്പളം | 786626 | തൻവർഷം ചെലവഴിച്ചു. |

നഗരസഭയിൽ എൻ.യു.എൽ.എം ഗ്രാന്റ് വിനിയോഗത്തിനായി ഐ സി ഐ സി ഐ ബാങ്കിൽ അക്കൗണ്ട് സൂക്ഷിക്കുന്നുണ്ട് (A/c No-117105500107). ടി അക്കൗണ്ടിൽ നിന്നും സി.ഡി.എസ്. മുഖാന്തിരം ചെലവഴിക്കേണ്ട തുകകൾ ഇതുമായി ബന്ധപ്പെട്ട് നഗരസഭയിൽ സി.ഡി.എസ് സൂക്ഷിക്കുന്ന അക്കൗണ്ടിലേക്ക് (A/c No-44640100006903, ബാങ്ക് ഓഫ് ബറോഡ) ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തുവരുന്നത്. ഐ സി ഐ സി ഐ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിരുന്ന 126514 രൂപ 30.06.2021ൽ സംസ്ഥാനമിഷന്റെ അക്കൗണ്ടിലേക്ക് തിരികെ അടച്ചിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടിനത്തിൽ സംസ്ഥാന മിഷനിൽ നിന്നും 03.10.2019 ൽ ലഭ്യമായ തുക 20.03.2020 ൽ മാത്രമാണ് സി.ഡി.എസ്.അക്കൗണ്ടിലേക്ക് (A/c No.44640100006903-ബാങ്ക് ഓഫ് ബറോഡ) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുള്ളത്. ആയതിനാൽ 2019-20 വർഷം തുക ചെലവഴിക്കുവാൻ സാധിച്ചില്ല. പ്രസ്തുതയിനത്തിൽ രണ്ട് വർഷങ്ങളിലായി ആകെ ലഭ്യമായ 1210000 രൂപയിൽ 1080000 രൂപ റിവോൾവിംഗ് ഫണ്ട് ഇനത്തിലും 9960 രൂപ പുതിയതായി രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകിയ ഇനത്തിലും ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. 15.12.21 ൽ പ്രസ്തുത അക്കൗണ്ടിൽ 443093 രൂപ നീക്കിയിരിപ്പുണ്ട്. ചെലവഴിക്കാതെ സൂക്ഷിക്കുന്ന തുകയുടെ കാരണം വ്യക്തമാക്കുവാനും 2019-20 വർഷം സി.ഡി.എസ്. അക്കൗണ്ടിലേക്ക് തുക നൽകുവാനുണ്ടായ കാലതാമസത്തിന്റെ വിശദീകരണം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.46/20.01.22) മറുപടി ലഭ്യമാക്കിയില്ല. സി.ഡി.എസ്. അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ഉചിത മാർഗ്ഗേണ ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻ.യു.എൽ.എം വരവ് ചെലവ് രജിസ്റ്റർ തൃപ്തികരമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാന്ത്യ പൊരുത്തൽപ്പെടുത്തലുകൾ നടത്തി മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

1-45 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ്-19 ഗുരുതരമായി ബാധിച്ച തദ്ദേശസ്ഥാപനമാണ് വൈക്കം നഗരസഭ. സി.എഫ്.എൽ.ടി.സി.യും ഡി.സി.സി.യും ഏർപ്പെടുത്തുന്നതിനും അതിഥി തൊഴിലാളികളുൾപ്പെടെ ദുരിതബാധിതരായവർക്ക് സാമൂഹിക അടുക്കള വഴി ഭക്ഷണവിതരണം നടത്തുന്നതിനും സാമൂഹിക അകലംപാലിക്കൽ, ബ്രേക്ക് ദ ചെയിൻ, മാസ്ക്-സാനിറ്റൈസർ വിതരണം, കോവിഡ് ബാധിതമേഖലകൾ അടയ്ക്കൽ, പ്രതിരോധമരുന്നുകളുടെ വിതരണം, പൊതുജനങ്ങൾക്കുള്ള അറിയിപ്പുകൾ ഇങ്ങനെ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും നഗരസഭ ഏറ്റെടുത്തിട്ടുണ്ട്. നഗരസഭയിലെ വൈക്കം ടൗൺ ഹാൾ സി.എഫ്.എൽ.ടി.സി/ഡി.സി.സി ആയും, വൈക്കത്തപ്പൻ ലോഡ്ജ്, കാലാക്കൽ ലോഡ്ജ്, അമൃത ലോഡ്ജ് എന്നിവ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ സെന്ററുകളായും പ്രവർത്തിച്ചിരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നഗരസഭ 2020-21ൽ 2268385 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവ് |
|---|---|---|
| 1 | പ്രോജക്ട് നം- 72/21- കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് നഗര സഭ തലത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി തുക വകയിരുത്തൽ | 276500 (പൊതു വിഹിതം ജനറൽ) |
| 2 | പ്രോജക്ട് നം- 184/21കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം | 136196 (പൊതു വിഹിതം ജനറൽ) |
| 3 | പ്രോജക്ട് നം- 193/21 കോവിഡ് കെയർ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ, വെള്ളം, ശുചിത്വ മാലിന്യ സംസ്കരണ സൗകര്യങ്ങൾ | 473793 (പൊതു വിഹിതം ജനറൽ) |
| 4 | പ്രോജക്ട് നം- 193/21 കോവിഡ് രോഗ ബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ പരിരക്ഷ പ്രവർത്തനങ്ങൾ | 188662 (പൊതു വിഹിതം ജനറൽ) |
| 5 | പ്രോജക്ട് നം-461/21 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, താത്കാലിക ശുചീകരണ തൊഴിലാളികൾക്ക് വേതനം, | 2268385 (പൊതു വിഹിതം ജനറൽ) |

| | ബ്രേക്ക് ദ ചെയിൻ ക്യാമ്പെയിൻ | |
|---|---|---|

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് 16,00,000 രൂപയും പൊതു ജനങ്ങളിൽ നിന്ന് 10000 രൂപയും 105949 രൂപയ്ക്ക് തുല്യമായ ഭക്ഷ്യ സാധനങ്ങളും സംഭാവനയിനത്തിൽ ലഭിച്ചിട്ടുണ്ട്.

1-46 വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് നൽകുന്ന അഡ്വാൻസുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല.

നഗരസഭയിലെ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അഡ്വാൻസുകൾ നൽകുന്നുണ്ടെങ്കിലും അവ സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2020-2021 വർഷം നൽകിയതും നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതുമായ അഡ്വാൻസുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | വൗച്ചർ നമ്പർ / തീയതി | തുക |
|---|---|---|---|---|
| 1 | H1/1770/17 | GPS Installation - Advance – George C J , PWO Gr. I | 22000386/19.01.2021 | 10200 |
| 2 | Hi/1770/17 | Tipper Lorry Repair- Advance – George C J , PWO Gr. I | 22000043/25.05.2020 | 10000 |
| 3 | H1/ 4736/20 | Advance For Tree Cutting Perum Chilla River- Anees I JHI | 22000134/14.08.2020 | 4000 |
| 4 | H1/2688/20 | Advance For Tree Cutting- Ajith V P , HI | 22000193/06.10.2020 | 3000 |
| 5 | H1/3723/19 | Advance For Tree Cutting- | 22000252/30.10.2020 | 14000 |

| | | | | |
|---|---|---|---|---|
| | | Ajith V P , HI | | |
| 6 | H1/3142/20 | Covid-CFLTC-Advance – Nodal Officer , Ajith V P , HI | 22000366/30.12.2020 | 300000 |
| | | | 2200332/07.12.2020 | 300000 |
| 7 | G3/1157/21 | Republic Day Advance, Ajith V P , HI | 22000401/25.01.2021 | 7000 |
| 8 | Hi/2982/21 | Advance-Haritha Election 2021-Ajith V P , HI | 22000787 | 25000 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ-99 പ്രകാരം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ട മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കാത്തപക്ഷം, സർക്കാർ ഉത്തരവ് നം. 419/11/ഫിൻ/ 04.10.2011-ലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മുൻകൂർ തുക 18% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം പിഴപ്പലിശ സഹിതം തിരികെ ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-47 നഗരസഭയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ്- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

GO(P) 819/2000/Fin/18.04.2000 നമ്പർ സർക്കാർ ഉത്തരവ് , 21.02.14- ലെ 16/14/Fin നമ്പർ സർക്കുലർ എന്നിവ പ്രകാരം, സർക്കാർ/ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ജനറൽ ഇൻഷ്വറൻസ് പോളിസികൾ സർക്കാരിന്റെ തന്നെ വകുപ്പായ കേരളാ സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ് മുഖേന എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് ബാബു ആർ വി എന്ന ഏജന്റ് മുഖേന യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നുമാണ് എടുക്കുന്നത്. വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് .

1-48 പത്രപരസ്യം - അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

നഗരസഭയിലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവിധ ടെൻഡർ നോട്ടീസുകൾ, വിവിധ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ഇനത്തിൽ താഴെ ചേർക്കുന്ന പ്രകാരം പത്രസ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. ജി.ഒ.(ആർ.ടി)1/2011/പി.ആന്റ്.എ.ആർഡി,തീ.04.01.2011 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ജനയുഗം, മാതൃഭൂമി, മലയാള മനോരമ, സുപ്രഭാതം എന്നി പത്രസ്ഥാപനങ്ങളിൽ നിന്നും ഇത്തരത്തിൽ 15% ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. എന്നാൽ തൻ വർഷം ദേശാഭിമാനി ദിനപത്രത്തിൽ നൽകിയിട്ടുള്ള എല്ലാ പരസ്യങ്ങൾക്കും ഡിസ്കൗണ്ട് ലഭ്യമായിട്ടുമുണ്ട്. ബില്ലുകൾ പരിശോധിച്ച് ആവശ്യമായ ഡിസ്കൗണ്ട് പത്രസ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | പരസ്യ തീയതി | തുക | ലഭ്യമാകേണ്ട ഡിസ്കൗണ്ട് | ഫയൽ നം. |
|---|---|---|---|---|---|
| 1 | മലയാള മനോരമ | 19.12.2019 | 8618 | 1293 | E3/03/21 |
| 2 | ജനയുഗം | 25.09.2020 | 1915 | 287 | ,, |
| 3 | ജനയുഗം | 27.10.2020 | 1915 | 287 | ,, |
| 4 | ജനയുഗം | 04.11.2020 | 2394 | 359 | ,, |
| 5 | ജനയുഗം | 10.10.2020 | 2520 | 378 | ,, |
| 6 | സുപ്രഭാതം | 12.07.2019 | 5250 | 788 | ,, |
| 7 | സുപ്രഭാതം | 17.03.2018 | 5250 | 788 | ,, |
| 8 | സുപ്രഭാതം | 24.07.2018 | 5250 | 788 | " |
| 10 | സുപ്രഭാതം | 01.07.2018 | 5250 | 788 | " |
| 11 | മാതൃഭൂമി | 01.03.2020 | 3780 | 567 | |
| 12 | മലയാള മനോരമ | 12.01.2020 | 15120 | 2268 | R3/6477/19 |

## 1-49 വിവിധ നിക്ഷേപ പ്രവൃത്തികൾ/ മുൻകൂർ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നഗരസഭയിലെ 2020-2021 പദ്ധതികൾ പ്രകാരം നിർബന്ധിത പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ടി പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പദ്ധതി | സ്ഥാപനം | ബിൽ നമ്പർ/ തീയതി | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 1 | 458/21 | പ്ലാനിങ്ങ് ഓഫീസ് കെട്ടിട നിർമ്മാണം - വിഹിതം നൽകൽ | Member Secretary, DPC , | 98/22.02.2021 | 150000 | നഗരസഭാ സെക്രട്ടറി |
| 2 | 01/21 | സാമൂഹ്യ സുരക്ഷാമിഷൻ തുക നൽകൽ | Kerala Social Security Mission | 94/22.02.2021 | 1500000 | നഗരസഭാ സെക്രട്ടറി |
| 3 | 21/21 | ഐ കെ എം വിഹിതം നൽകൽ | IKM | 68/20.10.2020 | 195408 | നഗരസഭാ സെക്രട്ടറി |

## 1-50 പുസ്തകങ്ങൾ തിരികെ ലഭിച്ചിട്ടില്ല

മുൻസിപ്പാലിറ്റിയുടെ ലൈബ്രറിയിലെ പുസ്തകവിതരണരജിസ്റ്റർ പരിശോധിച്ചതിൽ 2005 വർഷം മുതൽ വിവിധ തീയതികളിലായി വിതരണം നടത്തിയ പുസ്തകങ്ങൾ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. ലൈബ്രേറിയൻ ലഭ്യമാക്കിയ കണക്ക് പ്രകാരം 2302 പുസ്തകങ്ങൾ

നിലവിൽ തിരികെ ലഭ്യമാകാനുണ്ട്. പുസ്തകങ്ങൾ തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/15.1.22) ലഭ്യമാക്കിയ മറുപടിയിൽ പുസ്തകങ്ങൾ തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മുപ്പത്താറായിരത്തിലധികം പുസ്തകങ്ങളും നിരവധി ആനുകാലികങ്ങളുമുള്ള ലൈബ്രറിയിലെ രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടകളിൽ കാര്യമായ പുരോഗതിയുണ്ടായതായി കാണുന്നില്ല. പുസ്തകങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ, വിതരണവിവരങ്ങൾ തുടങ്ങിയവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നത് ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പുസ്തകങ്ങൾ തിരികെ ലഭിക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ലൈബ്രറിയുടെ പ്രവർത്തനം ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-51 നഗരസഭാ ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നഗരസഭാ ലൈബ്രറിയുടെ ഡിജിറ്റലൈസേഷൻ നടപ്പാക്കുന്നതിനായി പ്രോജക്ട് നമ്പർ 29/21 - മുനിസിപ്പൽ ലൈബ്രറി (വടക്കുംകൂർ സ്മാരക ലൈബ്രറി) ഡിജിറ്റലൈസേഷൻ എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. 2020-2021 വർഷം 85385 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ലൈബ്രറിയിലെ ഡിജിറ്റലൈസേഷന്റെ ഭാഗമായി സ്റ്റീൽ ബുക്ക് ഷെൽഫ്, ബുക്ക് ക്യാബിനറ്റ് എന്നിവ വാങ്ങുന്നതിനും, ലൈബ്രറിയിലെ മുഴുവൻ പുസ്തകങ്ങളും ഡാറ്റാ എൻട്രി നടത്തുക, കമ്പ്യൂട്ടർ, സ്കാനർ എന്നിവ വാങ്ങൽ, ലൈബ്രറി ഓട്ടോമേഷൻ സോഫ്റ്റ്‌വെയർ ഇൻസ്റ്റാലേഷൻ എന്നിവ ലക്ഷ്യമിട്ടിരുന്നു. എന്നാൽ പദ്ധതി നാളിതുവരെ പൂർണ്ണമായി പൂർത്തിയാക്കിയിട്ടില്ല. ഫർണിച്ചറുകൾ വാങ്ങുന്ന പ്രവൃത്തി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഡിജിറ്റലൈസേഷന്റെ ഭാഗമായി കംപ്യൂട്ടർ വാങ്ങൽ, സ്കാനർ വാങ്ങൽ, സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യൽ, പുസ്തകങ്ങളുടെ ഡാറ്റ എൻട്രി നടത്തൽ എന്നിവയ്ക്കായി 3,10,000/- രൂപയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി മെ. പാർച്ച്മെന്റ് ലൈബ്രറി ഓർഗനൈസേഷൻ, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. ടി പ്രവൃത്തി പൂർത്തീകരിച്ചതായി സ്ഥാപനം അറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി നിർവഹണത്തിൽ അപാകതയുള്ളതായി ലൈബ്രേറിയൻ റിപ്പോർട്ട് ചെയ്തതിനാൽ 2020-2021 വർഷം ടി സ്ഥാപനത്തിന് പേയ്മെന്റ് നൽകിയിരുന്നില്ല. ഡിജിറ്റലൈസേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിനുള്ള മറുപടിയിൽ അപാകതകൾ പൂർണ്ണമായി പരിഹിരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഡിജിറ്റലൈസേഷൻ പ്രക്രിയയിലെ അപാകതകൾ അടിയന്തിരമായി പരിഹരിച്ച് ഡിജിറ്റലൈസേഷൻ പദ്ധതി പൂർത്തിയാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

വൈക്കം നഗരസഭയുടെ 2020-21 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 23.07.2021-ലെ 8-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05.01.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2020-21 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം.

തൻവർഷം വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് | ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| (പ്രോജക്ട് നം 380/21) | വാട്ടർ കണക്ഷന് വേണ്ടി ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ | 1605000 | ബിൽ നം.180/28.01.2021 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു. ഇഎംഎസ് ഹൗസിംഗ് ലോൺ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വായ്പ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം ലഭ്യമായ തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെയുആർ ഡിഎഫ് സി പിഎംഎവൈ ഹൗസിംഗ് ലോൺ | ജി.ഒ(എംഎസ്)നം. 68/18/എൽഎസ്ജിഡി തീയതി 18/05/2018 | 40653333 | 23053333 | 17600000 | 5439999 | 35213334 |
| കെയുആർ ഡിഎഫ്സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | - | - | 352238 | --- | - | 352238 |
| ഇഎംഎസ് ഹൗസിംഗ് ലോൺ | ജിഒ(പിഎസ്)നം. 129/2009/ടിഡി തീയതി 16/07/2009 | 867975 | 867975 | - | 867000 | 975 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ഈടാക്കിയ തുക ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 2017-18 | 3-10 | 7271 | ലീന. വി , മുനിസിപ്പൽ എഞ്ചിനീയർ | 12101010105115/ 02.12.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.26 | 2012-13 | അദ്ധ്യായം 2 ഖണ്ഡിക 2.5 | നഗരസഭകളും പരസ്യ നികുതിയും | നിയസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2011-12 | 2-7 | 2013-14 | 4.6 | ടൗൺ ഹാൾ, റെസ്റ്റ് ഹൗസ് വാടക കുടിശിക ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| -- | -- | 2015-16 | 4.2.2 | വിവിധ പദ്ധതികളിലെ അപേക്ഷ ഫോറത്തിൽ അർഹത/ മുൻഗണന മാനദണ്ഡങ്ങൾ രേഖപ്പെടുത്തിയിട്ടില്ല (വിഷയാധിഷ്ഠിത അവലോകനം) | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2016-17 | 3-16 | 2017-18 | 15.3 | വെള്ളക്കര കുടിശിക | നിയമസഭാ |

| | | | | | |
|---|---|---|---|---|---|
| | | | | – നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാദ്ധ്യത | സമിതി പരിഗണിച്ചിട്ടില്ല |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം.

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 235243791.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 202189234 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2353457 |

(ബി) മുൻസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 114760 | ശ്രീ.അജിത് വി.പി., ഹെൽത്ത് ഇൻസ്പെക്ടർ |
| 1-33 | 1605000 | ആരതി സാധു, മുനിസിപ്പൽ എഞ്ചിനീയർ |
| 1-37 | 501600 | ശ്രീ.അസീസ് ഐ., ഹെൽത്ത് ഇൻസ്പെക്ടർ-ഇൻ ചാർജ് |
| 1-40 | 132097 | ഡോ.അനിതാ ബാബു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 2353457 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/ 11.12.2001 |
| 1997-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 1998-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/ 11.07.2008 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/ 4.1.10/6.2.2010 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.2008 |
| 2000-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/ 17.11.08/3.2.2009 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/ 6.7.09/8.9.09 |
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/ 11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/ 2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/ 31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/ 09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07 /09.09.09 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/ 19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/ 20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/ 30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/ 29.03.16 |
| 2007-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/ 19.3.10/10.01.2011 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.11 |

| | |
|---|---|
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/ 13/21.3.14 |
| 2008-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/ 12.12.2011 |
| 2009-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/ 2.2.2013 |
| 2010-11 | നം.എൽ.എഫ്.കെ.പി8- 471/14/ 7.10.2014 |
| 2011-12 | നം.എൽ.എഫ്.കെ. (എം.എൽ)പി8-/342/13/ 21.3.14 |
| 2012-13 | നം.എൽ.എഫ്.കെ.പി8-/832/2014/ 8.9.15 |
| 2013-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175 /2015/18.03.16 |
| 2014-15 | കെഎസ്എകെടിഎം.പി.8/880/2016 3.10.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.17/1206 /17/29.01.2018/2.3.2018 |
| 2016-17 | കെഎസ്എ.കെടിഎം.പി.17/1503 /17/09.03.2018/17.3.2018 |
| 2017-18 | കെഎസ്എ.കെടിഎം.പി.17/178 /19/03.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി17/1342 /22.12.20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വൈക്കം മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്